2023 SEPTEMBER
09
SATURDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## ചരിത്ര വിജയം


# തരംഗമായി ചാണ്ടി ഉമ്മൻ



**കോട്ടയം:** പുതുപ്പള്ളി ഉപതിരഞ്ഞെടുപ്പിൽ ചരിത്രവിജയം നേടി യുഡിഎഫ് സ്ഥാനാർഥിയും അന്തരിച്ച മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ മകനുമായ ചാണ്ടി ഉമ്മൻ. 37,719 വോട്ടുകളുടെ ഭൂരിപക്ഷത്തിലാണ് എൽഡിഎഫ് സ്ഥാനാർഥിയായ സിപിഎം ലെ ജെയ്ക് സി തോമസിനെ ചാണ്ടി ഉമ്മൻ തറപറ്റിച്ചത്.ആകെ പോൾ ചെയ്ത വോട്ടുകളിൽ 80,144 വോട്ടുകൾ ചാണ്ടി ഉമ്മൻ നേടിയപ്പോൾ 42.425 വോട്ടുകൾ മാത്രമാണ് ജെയ്ക് സി തോമസിന് നേടാനായത്.എൻ.ഡി.എ സ്ഥാനാർഥിയായിരുന്ന ബിജെപിയിലെ ലിജിൻ ലാലിന് 6,558 വോട്ട്ടുകൾ മാത്രമാണ് നേടാൻ സാധിച്ചത്. വോട്ടെണ്ണലിന്റെ തുടക്കം മുതൽ ആധ്യപത്യം സ്ഥാപിച്ച് മുന്നേറിയ ചാണ്ടി ഉമ്മന് ഒരിക്കൽ പോലും വെല്ലുവിളിയാകൻ ജെയ്ക്ക് സി തോമസിന് സാധിച്ചില്ല.അകലക്കുന്നം പഞ്ചായത്തിലെ ചാണ്ടി ഉമ്മന്റെ ലീഡ് വന്നതോടെ തന്നെ ഫലം എന്തായിരിക്കുമെന്ന സൂചന ലഭിച്ചു.തുടർന്നങ്ങോട്ട് ചാണ്ടി ഉമ്മൻ തരംഗമായി മാറുന്ന കാഴ്ചയാണ് കാണാൻ സാധിച്ചത്.13 റൗണ്ടിലും എതിർ സ്ഥാനാർഥി ജെയ്ക് സി തോമസിനേക്കാൾ വള്ളപ്പാടുകൾക്കു മുന്നിലായിരുന്നു ചാണ്ടി ഉമ്മൻ. ജെയ്ക് സി തോമസിന്റെ ബുത്തിലും മന്ത്രി വി എൻ വാസവന്റെ ബൂത്തിലും ചാണ്ടി ഉമ്മന്റെ തേരോട്ടമായിരുന്നു കാണാനായത്. പുതുപ്പള്ളി നിയോജകമണ്ടലത്തിൽ എൽഡിഎഫ് ഭരിക്കുന്ന ആറു പഞ്ചായത്തുകളുമടക്കം എട്ടു പഞ്ചായത്തുകളിലും ചാണ്ടി ഉമ്മന്റെ സർവ്വാധിപത്യമാണ് ദൃശ്യമായത്.പുതുപ്പള്ള പഞ്ചായത്താണ് ചാണ്ടി ഉമ്മന് ഏറ്റവും അധികം ഭൂരിപക്ഷം സമ്മാനിച്ചത്. നിയോജകമണ്ഡലത്തിലെ രണ്ടോ മൂന്നു ബൂത്തുകളിൽ മാത്രമാണ് ജെയ്ക് സി തോമസിന് ലീഡു നേടാൻ സാധിച്ചത്. അതും നാമമാത്രമായ വോട്ടുകൾക്കു മാത്രം. ചാണ്ടി ഉമ്മനോടും പരാജയപ്പെട്ടതോടെ ഹാട്രിക് തോൽവിയാണ് ജെയ്ക്ക് സി തോമസിന് ഏറ്റുവാങ്ങേണ്ടി വന്നത്. നേരത്തെ രണ്ടു തവണ ഉമ്മൻ ചാണ്ടിയോടു മൽസരിച്ച ജെയ്ക് സി തോമസ് പരാജയപ്പെട്ടിരുന്നു.2011 ൽ ഉമ്മൻ ചാണ്ടിയുടെ 33,255 എന്ന ഭൂരിപക്ഷം മറികടന്നാണ് ചാണ്ടി ഉമ്മൻ കന്നിയങ്കം ജെയിച്ച് നിയമസഭയുടെ പടി കയറുന്നത്.ചാണ്ടി ഉമ്മന്റെ സത്യപ്രതിജ്ഞ നിയമസഭാ സമ്മേളനം ആരംഭിക്കുന്ന സെപ്തംബർ 11 ന് നടക്കും. ഭരണവിരുദ്ധ വികാരമാണ് പുതുപ്പള്ളിയിൽ ആഞ്ഞടിച്ചതെന്നും തന്റെ പിതാവ് ഉമ്മൻ ചാണ്ടിയുടെ 13ാമത് വിജയമാണ് തന്നിലൂടെ ഉണ്ടായതെന്നും ചാണ്ടി ഉമ്മൻ മാധ്യമപ്രവർത്തകരോട് പറഞ്ഞു.പുതുപ്പള്ളിയുടെ വികസനത്തുടർച്ചയ്ക്കായി താൻ എന്നും പുതുപ്പള്ളിക്കൊപ്പമുണ്ടാകുമെന്നും ചാണ്ടി ഉമ്മൻ പറഞ്ഞു.

## ജി20 ഉച്ചകോടിക്കായി ബൈഡൻ എത്തി

# ലക്ഷ്യം വമ്പൻ കരാറുകൾ, മോദിയുമായി ചർച്ച



**ന്യൂഡൽഹി:** ജി20 ഉച്ചകോടിയിൽ പങ്കെടുക്കാൻ യുഎസ് പ്രസിഡന്റ് ജോ ബൈഡൻ ഡൽഹിയിലെത്തി. മൂന്നു വർഷത്തിനു ശേഷമാണ് അമേരിക്കൻ പ്രസിഡന്റ് ഇന്ത്യയിലെത്തുന്നത്. ജോ ബൈഡനുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി കൂടിക്കാഴ്ച നടത്തി.

ഇരുരാജ്യങ്ങളും ഏറെ പ്രതീക്ഷയോടെയാണ് കൂടിക്കാഴ്ചയെ നോക്കിക്കാണുന്നത്. ജെറ്റ് എൻജിൻ കരാർ, പ്രിഡേറ്റർ ഡ്രോൺ കരാർ, 5 ജി, 6 ജി സ്പെക്ട്രം, സിവിൽ ന്യൂക്ലിയർ മേഖലയിലും നൂതന സാങ്കേതിക വിദ്യയിലുമുള്ള സഹകരണം തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് യുഎസ് ദേശീയ സുരക്ഷാ ഉപദേഷ്ടാവ് ജെയ്ക് സള്ളിവൻ അറിയിച്ചു.

ഇന്ത്യയും അറബ് രാജ്യങ്ങളും തമ്മിലുള്ള റെയിൽ പദ്ധതിയുമായി ബന്ധപ്പെട്ട് ചർച്ച നടക്കുമോ എന്ന കാര്യം ഉറപ്പില്ലെന്നും സള്ളിവൻ പറഞ്ഞു. ഇന്ത്യയിൽനിന്ന് അറബ് രാജ്യങ്ങളിലേക്കും യൂറോപ്പിലേക്കും റെയിൽ പദ്ധതി നടപ്പാക്കുന്നത് സാമ്പത്തിക നേട്ടമുണ്ടാക്കും. എന്നാൽ ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും കാര്യം വ്യക്തമാക്കാൻ ഇപ്പോൾ സാധിക്കില്ല. എല്ലാ രാജ്യങ്ങളും അനുകൂലമായ നിലപാടിലേക്കെത്തിയാൽ മാത്രമെ ഇതിനെക്കുറിച്ച് പ്രതികരിക്കാൻ സാധിക്കൂ. എണ്ണ ഉൽപാദക രാജ്യങ്ങൾ തമ്മിൽ കൂടുതൽ ധാരണ ഉണ്ടാക്കണം. കാലാവസ്ഥാ വ്യതിയാനത്തെ ഒരുമിച്ച് കൈകാര്യം ചെയ്യേണ്ടതുണ്ട്. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട് പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ രാജ്യങ്ങൾ മുന്നോട്ടുവരണം. സള്ളിവൻ പറഞ്ഞു.

റഷ്യൻ പ്രസിഡന്റ് വ്ലാഡിമിർ പുട്ടിനും ചൈനീസ് പ്രസിഡന്റ് ഷി ചിൻപിങ്ങും ഉച്ചകോടിയിൽ പങ്കെടുക്കാത്ത സാഹചര്യത്തിൽ മോദി ബൈഡൻ കൂടിക്കാഴ്ചയ്ക്കു പ്രാധാന്യമേറെയാണ്. ഡൽഹിയിൽ രാജ്യതലവന്മാരും പ്രതിനിധിസംഘവും താമസിക്കുന്ന 25 ഹോട്ടലുകളുടെ പരിസരങ്ങളിൽ കനത്ത സുരക്ഷയാണ് ഏർപ്പെടുത്തിയിരിക്കുന്നത്.

## ഇന്ത്യയിലേക്കുള്ള യാത്ര പ്രിയപ്പെട്ടതെന്ന് ഋഷി സുനക്

**ന്യൂഡൽഹി :** യുഎൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ്, ദക്ഷിണാഫ്രിക്കൻ പ്രസിഡന്റ് സിറിൽ റമഫോസ, ബ്രിട്ടിഷ് പ്രധാനമന്ത്രി ഋഷി സുനക്, ബംഗ്ലദേശ് പ്രധാനമന്ത്രി ഷെയ്ക് ഹസീന തുടങ്ങിയവർ ഉച്ചകോടിക്കായി എത്തിച്ചേർന്നു. ഇന്ത്യയിലേക്കുള്ള യാത്ര വളരെ പ്രിയപ്പെട്ടതാണെന്ന് ഋഷി സുനക് പറഞ്ഞു. ഇന്ത്യയുടെ മരുമകൻ എന്നാണ് അറിയപ്പെടുന്നതെന്നും അദ്ദേഹം മാധ്യമങ്ങളോട് പ്രതികരിച്ചു.



# ശബരിഗിരി പദ്ധതി സംഭരണികളിലെ ജലനിരപ്പ് 40 ശതമാനത്തിലെത്തി

**സീതത്തോട് :** ശബരിഗിരി ജലവൈദ്യുത പദ്ധതിയുടെ മഴ പ്രദേശങ്ങളിൽ ശക്തമായ മൂടൽമഞ്ഞും മഴയും. സംഭരണികളിലെ ജലനിരപ്പ് 40 ശതമാനത്തിലെത്തി.
കഴിഞ്ഞ ഒരാഴ്ചയായി തോരാത്ത മഴയാണ് കക്കി, ആനത്തോട്, പമ്പ മൂഴിയാർ പ്രദേശങ്ങളിൽ. ആനത്തോട് മേഖലയിലാണ് ഏറ്റവും മഞ്ഞ് മൂടിയ കാലാവസ്ഥ. കഴിഞ്ഞ വർഷം ഈ സമയത്തും തോരാത്ത മഴയും നിലയ്ക്കാത്ത കാറ്റുമായിരുന്നു. 81 ശതമാനമായിരുന്നു അന്നു ജലനിരപ്പ്. ജലനിരപ്പ് ജൂണിൽ 13 ശതമാനം വരെ എത്തി.

മഴ വഴിമാറിയത് വൈദ്യുതി ബോർഡിനെ ആശങ്കപ്പെടുത്തിയിരുന്നു. നിലവിൽ ജല നിരപ്പ് മുന്നോട്ട് ഉയർന്ന് തുടങ്ങിയതോടെ ആശങ്ക മാറിയെന്ന ആശ്വാസത്തിലാണ് അധികൃതർ.

പമ്പയിൽ 37 മില്ലിമീറ്ററും കക്കിയിൽ 64 മില്ലിമീറ്ററും മഴ ലഭിച്ചതിനൊപ്പം സംഭരണികളിലേക്കു ശക്തമായ നീരൊഴുക്കാണ്.

വരും ദിവസവും കൂടുതൽ മഴ പെയ്യുമെന്ന പ്രതീക്ഷയിലാണ് വൈദ്യുതി ബോർഡ്.986.33 മീറ്റർ ശേഷിയുള്ള പമ്പയിൽ 966.35 മീറ്ററും 981.45 മീറ്റർ ശേഷിയുള്ള കക്കിയിൽ 960.70 മീറ്ററുമാണ് ജലനിരപ്പ്



# ഇടുക്കി മെഡിക്കൽ കോളജിലെ പുതിയ ബ്ലോക്കിലേക്ക് മാറ്റം ഈ മാസം തന്നെ

**ചെറുതോണി:** ഇടുക്കി മെഡിക്കൽ കോളജിലെ പുതിയ ബ്ലോക്കിലേക്ക് അത്യാഹിത വിഭാഗമുൾപ്പെടെ മുഴുവൻ ഡിപ്പാർട്മെന്റുകളും ഈ മാസം തന്നെ മാറ്റി പ്രവർത്തനമാരംഭിക്കാൻ തീരുമാനം. ഇന്നലെ മന്ത്രി റോഷി അഗസ്റ്റിന്റെ അധ്യക്ഷതയിൽ കലക്ടറുടെ ചേംബറിൽ കൂടിയ ആശുപത്രി വികസന സമിതി യോഗത്തിലാണ് ഇക്കാര്യം തീരുമാനിച്ചത്. ഇതോടൊപ്പം പുതിയതായി അനുവദിച്ച ബിഎസ്സി നഴ്സിങ് കോളജിലെ കുട്ടികളുടെയും രണ്ടാം വർഷ മെഡിക്കൽ വിദ്യാർഥികളുടെയും പ്രവേശനോത്സവവും നടക്കും. ആരോഗ്യ വകുപ്പു മന്ത്രി വീണ ജോർജ് സമ്മേളനം ഉദ്ഘാടനം ചെയ്യും.

രണ്ടാം വർഷം 100 മെഡിക്കൽ വിദ്യാർഥികളും 60 നഴ്സിങ് വിദ്യാർഥികളുമാണ് എത്തുന്നത്. വിദ്യാർഥികളുടെയും ഡോക്ടർമാരുടെയും താമസ സൗകര്യ പ്രശ്നം പൂർണമായും പരിഹരിച്ചിട്ടില്ല. നിലവിൽ പെൺകുട്ടികൾക്കു മാത്രമേ ഹോസ്റ്റൽ സൗകര്യം ലഭ്യമായിട്ടുള്ളൂ. നഴ്സിങ് കോളജ് കുട്ടികൾക്ക് താമസിക്കാൻ വിദ്യാധിരാജ സ്കൂൾ കെട്ടിടം വാടകയ്ക്ക് എടുക്കാൻ യോഗം തീരുമാനിച്ചു. പുതിയ ബ്ലോക്കിലേക്ക് ചികിത്സ മാറ്റുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കുന്നതിന് നിർമാണ ഏജൻസികൾക്കും യോഗം നിർദേശം നൽകി.

66 ക്ലിനിക്കൽ ഡോക്ടർമാർ നിലവിലുണ്ട്. അക്കാദമിക് പ്രഫസർമാരും ആവശ്യത്തിനുണ്ട്. അനസ്തീസിയ വിഭാഗം ഡോക്ടർമാരുടെയും നഴ്സുമാരുടെയും നഴ്സിങ് അസിസ്റ്റന്റുമാരുടെയും ശുചീകരണ വിഭാഗം ജീവനക്കാരുടെയും കുറവ് അടിയന്തരമായി നികത്തണമെന്ന് യോഗത്തിൽ സൂപ്രണ്ട് ആവശ്യപ്പെട്ടു. 24 മണിക്കൂറും അത്യാഹിത വിഭാഗം പ്രവർത്തിക്കണമെങ്കിൽ ജീവനക്കാരുടെ കുറവ് പരിഹരിക്കണമെന്നാണു ജീവനക്കാരുടെ ആവശ്യം.

കുറവുള്ള ജീവനക്കാരെ എൻആർഎച്ച്എമ്മിൽ നിന്നു നിയമിക്കാമെന്നും ബാക്കിയുള്ളവരെ സർക്കാർ ഉത്തരവിലൂടെ നിയമിക്കുമെന്നും മന്ത്രി പറഞ്ഞു. ഹോസ്റ്റൽ കെട്ടിടത്തിലേക്ക് പുതിയ റോഡ് നിർമിക്കുന്നതിനും ലൈറ്റുകൾ സ്ഥാപിക്കുന്നതിനും യോഗത്തിൽ തീരുമാനിച്ചു. അവശേഷിക്കുന്ന നിർമാണ പ്രവർത്തനങ്ങൾ ഉടൻ പൂർത്തിയാക്കണമെന്ന് നിർമാണ ഏജൻസികൾക്ക് കർശന നിർദേശവും നൽകി. കലക്ടർ ഷീബ ജോർജ്, മെഡിക്കൽ കോളജ് പ്രിൻസിപ്പൽ ഡോ. പി.കെ.ബാലകൃഷ്ണൻ, വികസന സമിതി അംഗങ്ങളായ സി.വി.വർഗീസ്, ഷിജോ തടത്തിൽ, സൂപ്രണ്ട് ഡോ. സുരേഷ് വർഗീസ് എന്നിവർ പങ്കെടുത്തു.

# ഭരണാനുമതിയായ റോഡുകളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കും

**തൃശൂർ:** കയ്പമംഗലം നിയോജക മണ്ഡലത്തിലെ റോഡുകൾ പുതുക്കിപ്പണിയുന്നതിനും നവീകരിക്കുന്നതിനുമായി സർക്കാർ ഭരണാനുമതി നൽകിയ മുഴുവൻ റോഡുകളുടേയും നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുമെന്ന് ഇ ടി ടൈസൺ മാസ്റ്റർ എം എൽ എ പറഞ്ഞു.
കയ്പമംഗലം നിയോജക മണ്ഡലത്തിലെ മൂന്നു ഗ്രാമ പഞ്ചായത്തുകളിലായി ഹാർബർ എൻജിനീയർ വകുപ്പ് നിർമ്മിക്കുന്ന റോഡുകൾക്ക് ഭരണാനുമതിയായതിന്റെ അടിസ്ഥാനത്തിൽ സംസാരിക്കുകയായിരുന്നു എം എൽ എ.

എറിയാട് ഗ്രാമപഞ്ചായത്തിലെ രണ്ടാം വാർഡിലെ മാർക്കറ്റ് ഈസ്റ്റ് റോഡിന് 86.10 ലക്ഷം രൂപയും എടത്തിരുത്തി ഗ്രാമപഞ്ചായത്തിലെ ഇയ്യാനി റോഡിന് 50 ലക്ഷം രൂപയും ശ്രീനാരായണപുരം ഗ്രാമ പഞ്ചായത്തിലെ ഫോർ ഷോർ റോഡിന് 40 ലക്ഷം രൂപയും കൂടി

ഒരു കോടി 76.10 ലക്ഷം രൂപയുടെ നിർമ്മാണത്തിനാണ് ഭരണാനുമതി ലഭിച്ചിരിക്കുന്നതെന്നും ഇ ടി ടൈസൺ മാസ്റ്റർ എം എൽ എ അറിയിച്ചു.

## പിണറായി വിജയൻ മുഖ്യമന്ത്രി സ്ഥാനം ഒഴിയണം : ജെ.എസ്.എസ്

**കൊച്ചി :** പുതുപ്പള്ളി ഉപതിരഞ്ഞെടുപ്പിലേറ്റ കനത്ത പരാജയത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുത്ത് മുഖ്യ മന്ത്രി പിണറായി വിജയൻ രാജിവയ്ക്കണമെന്ന് ജെ.എസ്.എസ് സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ.എ.എൻ.രാജൻ ബാബു.

പുതുപ്പള്ളിയുടെ ചരിത്രത്തിൽ ഇതുവരെയില്ലാത്ത ഭൂരിപക്ഷമാണ് ചാണ്ടി ഉമ്മന് ജനങ്ങൾ നൽകിയിരിക്കുന്നത്. പിണറായി വിജയൻ സർക്കാർ വിരുദ്ധ വികാരമാണ് പുതുപ്പള്ളിയിൽ പ്രകടമായത്. കേരളം കണ്ട എക്കാലത്തെയും മികച്ച ജനനേതാവായ ഉമ്മൻ ചാണ്ടിയെയും കുടുംബത്തെയും സിപിഎം വേട്ടയാടിയതിലുള്ള മറുപടികൂടിയാണ് പുതുപ്പള്ളി തിരഞ്ഞെടുപ്പ് ഫലം ചൂണ്ടിക്കാണിക്കുന്നതെന്ന് രാജൻ ബാബു പറഞ്ഞു. മുഖ്യമന്ത്രി സ്വമേധയാ സ്ഥാനം ഒഴിയാൻ തയ്യാറായില്ലെങ്കിൽ സിപിഎം പിണറായി വിജയനെ മുഖ്യമന്ത്രി സ്ഥാനത്തുനിന്നും മാറ്റുന്നതിനുള്ള ആർജ്ജവം കാണിക്കണമെന്നും രാജൻ ബാബു ആവശ്യപ്പെട്ടു.



## മണ്ണുത്തി വെറ്ററിനറി ക്യാമ്പസിൽ മൾട്ടിമീഡിയ പ്രൊഡക്ഷൻ സ്റ്റുഡിയോ തുറന്നു

**തൃശൂർ:** കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി മണ്ണുത്തി ക്യാമ്പസിൽ സജ്ജമാക്കിയ മിറർ മൾട്ടിമീഡിയ പ്രൊഡക്ഷൻ സ്റ്റുഡിയോ ഉദ്ഘാടനം ക്ഷീരവികസന മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ ചിഞ്ചുറാണി ഉദ്ഘാടനം ചെയ്തു. വെറ്ററിനറി യൂണിവേഴ്സിറ്റിയുടെ നേതൃത്വത്തിൽ നടക്കുന്ന നിരവധി പരീക്ഷണങ്ങൾക്ക് പ്രോത്സാഹനവും പിന്തുണയും നൽകുന്നത് തുടരുമെന്ന് മന്ത്രി പറഞ്ഞു.

2022 23 വർഷത്തെ സംസ്ഥാന പ്ലാൻ ഫണ്ടിൽ നിന്നും 8 ലക്ഷം രൂപ വിനിയോഗിച്ച് ക്യാമ്പസിലെ ആട് ഫാമിന് സമീപത്തുള്ള ടെക്നോളജി ബിസിനസ് ഇൻക്യുബേഷൻ കെട്ടിടത്തിലാണ് സ്റ്റുഡിയോ നിർമ്മിച്ചിരിക്കുന്നത്. സർവകലാശാലയുടെ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുകയാണ് ഓഡിയോ, വീഡിയോ സ്റ്റുഡിയോയിലൂടെ ഉദ്ദേശിക്കുന്നത്.

വൈസ് ചാൻസിലർ ഡോ. എം ആർ ശശീന്ദ്രനാഥ് അധ്യക്ഷനായി. രജിസ്ട്രാർ ഡോ. പി സുധീർ ബാബു, എന്റർപ്രണർഷിപ്പ് ഡയറക്ടർ ഡോ. ടി എസ് രാജീവ്, അക്കാഡമിക് ആൻഡ് റിസർച്ച് ഡയറക്ടർ ഡോ. സി ലത, ഡീനുകളായ ഡോ. കെ വിജയകുമാർ, ഡോ. എസ് എൻ രാജകുമാർ തുടങ്ങിയവർ പങ്കെടുത്തു.

## അർബൻ ഹെൽത്ത് ആൻഡ് വെൽനെസ് സെന്റർ പ്രവർത്തനം ആരംഭിച്ചു



**ഇരിങ്ങാലക്കുട:** നഗരസഭയിലെ ആദ്യത്തെ അർബൻ ഹെൽത്ത് ആൻഡ് വെൽനെസ് സെന്റർ കൊരുമ്പിശ്ശേരിയിൽ പ്രവർത്തനമാരംഭിച്ചു. നഗരസഭാ ചെയർപേഴ്സൺ സുജ സഞ്ജീവ് കുമാർ നാടിന് സമർപ്പിച്ചു.

പതിനഞ്ചാം ധനകാര്യ കമ്മീഷൻ പ്രകാരം പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ ഇരിങ്ങാലക്കുട നഗരസഭയ്ക്ക് അനുവദിച്ച 82 ലക്ഷം രൂപയുടെ ഗ്രാന്റിൽ നിന്നും 18 ലക്ഷം വിനിയോഗിച്ചാണ് നിർമ്മാണം പൂർത്തീകരിച്ചത്.

കൊരുമ്പിശ്ശേരിയിലെ നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലാണ് ഹെൽത്ത് & വെൽനസ്സ് സെന്റർ ആരംഭിച്ചിരിക്കുന്നത്. നഗരസഭ വൈസ് ചെയർമാൻ ടി വി ചാർളി അധ്യക്ഷനായി. മുൻസിപ്പൽ എൻജിനീയർ ഗീതാകുമാരി റിപ്പോർട്ട് അവതരിപ്പിച്ചു. വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ഫെനി എബിൻ വെള്ളാനിക്കാരൻ, പൊതുമരാമത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ജെയ്സൺ പാറേക്കാടൻ, കൗൺസിലർമാരായ സന്തോഷ് ബോബൻ, പി ടി ജോർജ്ജ്,മുൻസിപ്പൽ സെക്രട്ടറി മുഹമ്മദ് അനസ് എന്നിവർ പങ്കെടുത്തു.



# പ്രതീക്ഷ പദ്ധതി: അമിത വിലയ്ക്കെതിരെയുള്ള ബദൽ മാതൃകയെന്ന് മന്ത്രി ചിഞ്ചുറാണി

**തൃശൂർ:** സംസ്ഥാനത്ത് കോഴിവിലയിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ ഉപഭോക്താക്കളിൽ സൃഷ്ടിക്കുന്ന അമിതഭാരം ലഘൂകരിക്കുന്നതിനുള്ള ബദൽ മാതൃകയാണ് പ്രതീക്ഷ പദ്ധതിയിലൂടെ മുന്നോട്ടുവയ്ക്കുന്നതെന്ന് മൃഗസംരക്ഷണ ക്ഷീര വികസന വകുപ്പ് മന്ത്രി ജെ ചിഞ്ചുറാണി.

കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസ് യൂണിവേഴ്സിറ്റിയുടെ ആഭിമുഖ്യത്തിൽ തെരെഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകളിൽ നടപ്പാക്കുന്ന പ്രതീക്ഷ മാതൃക പദ്ധതിയുടെ ഉദ്ഘാടനവും ഗാർഹിക മാലിന്യ സംസ്കരണത്തിനുള്ള ലാർവ ഉത്പാദന യൂണിറ്റുകളുടെ വിതരണോദ്ഘാടനവും നിർവഹിക്കുകയായിരുന്നു മന്ത്രി. ഇത്തരത്തിലുള്ള നൂതന പദ്ധതികൾ നടപ്പാക്കുന്നതിലൂടെ പഞ്ചായത്തുകളിൽ നാടൻ കോഴികളെ വളർത്തി മുട്ടക്കോഴി, ഇറച്ചി എന്നിവയുടെ ഉൽപാദനം വർദ്ധിപ്പിക്കുകയാണ് ലക്ഷ്യം. പാൽ, മുട്ട, ഇറച്ചി കോഴി ഉത്പാദനം എന്നിവയിൽ കേരളം സ്വയംപര്യാപ്തതിലേക്ക് അടുക്കുകയാണെന്ന് മന്ത്രി കൂട്ടിച്ചേർത്തു.

പാണഞ്ചേരി ഗ്രാമപഞ്ചായത്ത് ഹാളിൽ നടന്ന പരിപാടിയിൽ റവന്യൂ ഭവന നിർമ്മാണ വകുപ്പ് മന്ത്രി കെ. രാജൻ അധ്യക്ഷനായി. കോഴിയിറച്ചി ഉൽപാദന സംസ്കരണ മേഖലയ്ക്ക് കരുത്ത് പകരുന്ന പദ്ധതികളാണ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു.

സംസ്ഥാന കുടുംബശ്രീ മിഷൻ, വിവിധ സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങൾ എന്നിവരുടെ സഹകരണത്തോടെ തെരെഞ്ഞെടുത്ത കർഷകർക്ക് മുട്ടക്കോഴികളുടെ പൂവ്വൻ കുഞ്ഞുങ്ങളെയും നാടൻ ഇനത്തിൽപെട്ടവയെയും മാംസാവശ്യത്തിന് വളർത്തുന്ന പരീക്ഷണ പദ്ധതിയാണ് പ്രതീക്ഷ. വീട്ടുമുറ്റത്ത് തയ്യാറാക്കിയ ഈച്ച ലാർവ, ചെറു യൂണിറ്റുകളിൽ ഗാർഹിക ജൈവമാലിന്യം ഉപയോഗിച്ച് ഉല്പാദിപ്പിക്കുന്നു. സർവകലാശാലയുടെ തുടർച്ചയായ ശാസ്ത്ര സാങ്കേതിക പിന്തുണയോടെ ഗാർഹിക തീറ്റക്കൊപ്പം ലാർവകൾ കോഴികൾക്ക് പോഷകാഹാരമായി നൽകും. വിശദമായ അപഗ്രഥനങ്ങൾക്ക് ശേഷം സംസ്ഥാനം മുഴുവൻ നടപ്പാക്കാവുന്ന സമഗ്ര പദ്ധതിയായി മാറ്റുകയാണ് ലക്ഷ്യം. ആദ്യഘട്ടമായി 50 ഉത്പാദന യൂണിറ്റുകളാണ് വിതരണം ചെയ്യുക. ഓരോ യൂണിറ്റിനും 10 കോഴികൾ വീതമാണ് നൽകുന്നത്.

പാണഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് രവീന്ദ്രൻ മാസ്റ്റർ, വൈസ് ചാൻസിലർ ഡോ. എം ആർ ശശീന്ദ്രനാഥ്, രജിസ്ട്രാർ ഡോ. പി സുധീർ ബാബു, അക്കാദമിക് ആൻഡ് റിസർച്ച് ഡയറക്ടർ ഡോ സി ലത, കുടുംബശ്രീ ജില്ലാ കോഡിനേറ്റർ ഡോ. കവിത, സി എ എസ് പി എസ് ഡയറക്ടർ ഡോ. പി അനിത, ഡയറക്ടർ ഓഫ് എന്റർപ്രണർഷിപ്പ് ഡോ. ടി എസ് രാജീവ്, തദ്ദേശ സ്ഥാപന പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

# ഭൂപ്രശ്നങ്ങൾക്ക് അടിയന്തര പരിഹാരം കാണും: മന്ത്രി കെ രാജൻ

**തൃശൂർ:**പട്ടയ വിതരണം, ഭൂമി തരം മാറ്റൽ, വിവിധ പദ്ധതികൾക്കായുള്ള ഭൂമി ഏറ്റെടുക്കൽ, കൈയേറ്റം ഒഴിപ്പിക്കൽ തുടങ്ങിയ ഭൂസംബന്ധമായ പ്രശ്നങ്ങളിൽ അടിയന്തര പരിഹാരങ്ങൾ കാണുന്നതിനുള്ള ശക്തമായ നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് റവന്യൂ ഭവനനിർമാണ വകുപ്പ് മന്ത്രി കെ രാജൻ. തൃശ്ശൂർ കെഎസ്എഫ്ഇ ഹാളിൽ ചേർന്ന മൂന്നാമത് ജില്ലാ റവന്യൂ അസംബ്ലിയിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

ഭൂമി തരം മാറ്റലുമായി ബന്ധപ്പെട്ട് നേരിട്ടും ഓൺലൈനായും ലഭിച്ച 54122 അപേക്ഷകളിൽ 27043 എണ്ണം തീർപ്പാക്കിയതായും ബാക്കിയുള്ളവയിൽ നടപടികൾ തുടരുന്നതായും മന്ത്രി അറിയിച്ചു. നിലവിൽ ഒരു സബ് കലക്ടറും ഒരു ആർഡിഒയും മാത്രമാണ് ഭൂമി തരം മാറ്റലുമായി ബന്ധപ്പെട്ട അപേക്ഷകളിൽ തീരുമാനം എടുക്കുന്നത്. ഇത് വേഗത്തിലാക്കുന്നതിന് ഓരോ താലൂക്കിലും ഒരു ഡെപ്യൂട്ടി കലക്ടർക്ക് പ്രത്യേക ചുമതല നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണെന്നും മന്ത്രി അറിയിച്ചു.

4673 വനഭൂമി പട്ടയ അപേക്ഷകളിലുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഇവയിൽ 2777 എണ്ണത്തിൽ സർവേ നടപടികൾ പൂർത്തിയാക്കി. ബാക്കിയുള്ളവയിൽ സർവേ നടപടികൾ പുരോഗമിക്കുകയാണ്. ഇത് കൂടി പൂർത്തീകരിക്കുന്ന മുറയ്ക്ക് അപേക്ഷകൾ കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിക്കാൻ കഴിയുമെന്നും മന്ത്രി അറിയിച്ചു. കന്നുകാലി മേച്ചിൽ പുറം, കളിസ്ഥലം, കടൽ പുറമ്പോക്ക്, ഇറിഗേഷൻ പുറമ്പോക്ക് തുടങ്ങിയ വിവിധങ്ങളായ സ്ഥലങ്ങൾ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ഒക്ടോബർ മുതൽ നാല് ഘട്ടങ്ങളിലായി പൂർത്തീകരിക്കുമെന്നും മന്ത്രി പറഞ്ഞു. ജില്ലയിൽ സ്മാർട്ട് വില്ലേജുകളാക്കാൻ അനുമതി ലഭിച്ച 65 വില്ലേജ് ഓഫീസുകളിൽ 41 എണ്ണം ഇതിനകം സ്മാർട്ട് ആയി. കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ ജില്ലയിൽ 1993 ഭൂപതിവ് പട്ടയങ്ങളും 21223 ലാൻഡ് ട്രിബ്യൂണൽ പട്ടയങ്ങളും ഉൾപ്പെടെ 23216 പട്ടയങ്ങൾ വിതരണം ചെയ്യാനായി. ഡിജിറ്റൽ റീസർവേയുടെ കാര്യത്തിൽ ജില്ല സംസ്ഥാനത്ത് അഞ്ചാം സ്ഥാനത്താണ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുമായി (സിഎംഡിആർഎഫ്) ബന്ധപ്പെട്ട് ലഭിക്കുന്ന അപേക്ഷകളിന്മേൽ ആവശ്യമായ അന്വേഷണം നടത്തിയ 48 മണിക്കൂറിനുള്ളിൽ അവ തുടർ നടപടികൾക്കായി സമർപ്പിക്കണമെന്ന് വില്ലേജ് ഓഫീസർമാർക്ക് മന്ത്രി നിർദ്ദേശം നൽകി. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നവർക്കെതിരേ കർശന നടപടി സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു. പട്ടയ അസംബ്ലികളിൽ എംഎൽഎമാർ ഉന്നയിക്കുന്ന വിഷയങ്ങളിൽ സ്വീകരിക്കുന്ന നടപടികളെ കുറിച്ച് മൂന്നു മാസത്തിലൊരിക്കൽ ജില്ലാ കലക്ടറുടെ നേതൃത്വത്തിൽ അവലോകനം ചെയ്യണമെന്നും റവന്യൂമന്ത്രി നിർദ്ദേശിച്ചു. ജംഗ്ഷൻ വികസനം പൂർത്തിയാക്കേണ്ടതിനാൽ അടിയന്തര പ്രാധാന്യത്തോടെ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കണം.

# കേരളം സമ്പൂർണ ഡിജിറ്റൽ സാക്ഷരതയിലേക്കെന്ന്: മന്ത്രി ശിവൻകുട്ടി

**തിരുവനന്തപുരം:** സമ്പൂർണ സാക്ഷരത ക്കുശേഷം സമ്പൂർണ ഡിജിറ്റൽ സാക്ഷരത പദവി നേടുന്ന സംസ്ഥാനമായി കേരളം മാറുമെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി പറഞ്ഞു. ലോക സാക്ഷരതാ ദിനാഘോഷങ്ങളുടെ സംസ്ഥാന തല ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. സാക്ഷരതയുടെ അർത്ഥം സമൂഹിക ആവശ്യങ്ങൾക്കനുസരിച്ച് മാറുകയാണ്. ആദ്യ ഘട്ടത്തിൽ അക്ഷരം പഠിക്കുക എന്നതായിരുന്നു ആവശ്യം.

രാജ്യത്തിന് മാതൃകയാകുന്ന രീതിയിൽ ആദ്യ സമ്പൂർണ സാക്ഷരത നേടിയ സംസ്ഥാനമായി നമ്മൾ മാറി. ഈ നേട്ടങ്ങളെ നിലനിർത്താനും നമ്മുടെ വിദ്യാഭ്യാസ മേഖലക്ക് സാധിച്ചു. സാങ്കേതിക കാര്യങ്ങളിൽ വലിയ മാറ്റം നടക്കുന്ന കാലത്തു ഡിജിറ്റൽ സാക്ഷരത ആവശ്യമാണ്.

നവകേരള നിർമിതിക്കായി വിജ്ഞാന സമൂഹത്തെ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഗവൺമെന്റ് പ്രവർത്തിക്കുന്നത്. അക്ഷരങ്ങളെയും അക്കങ്ങളെയും ചേർത്തു പിടിക്കുക എന്നതാണ് സാക്ഷരതയുടെ സന്ദേശം. സുസ്ഥിരതയുടെയും സമാധനത്തിന്റെയും അടിസ്ഥാനം വിദ്യാഭ്യാസമാണ്. വൈജ്ഞാനിക സമൂഹത്ത രൂപപ്പെടുത്തുമ്പോൾ നിരക്ഷരത ഇല്ലാതാകണം.

ഡിജിറ്റൽ സാക്ഷരത, ന്യൂ ഇന്ത്യ ലിറ്ററസി, പൗരധ്വനി, ഇമുറ്റം തുടങ്ങിയ വൈവിധ്യമാർന്ന പദ്ധതികൾ സംസ്ഥാന സാക്ഷരത മിഷൻ അതോറിറ്റിയുടെ നേതൃത്വത്തിൽ നടപ്പിലാക്കുകയാണ്. സമ്പൂർണ സിജിറ്റൽ സാക്ഷരത പദ്ധതി, വിദ്യാഭ്യാസ സാമൂഹിക സാംസ്കാരിക സ്ത്രീകളുടെ അസമത്വം ലഘൂകരിക്കുന്നതിന് മഹിളാ സമഖ്യയുമായി ചേർന്ന് നടപ്പിലാക്കുന്ന മുന്നേറ്റം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ 8 ജില്ലകളിലെ പട്ടികജാതി പട്ടികവർഗ പഠിതാക്കളുടെ നിലവാരം മെച്ചപ്പെടുത്തുന്നു.

പങ്കാളിത്ത ജനകീയ വികസനത്തിലൂടെ സമൂഹത്തിനാവശ്യമായ സാക്ഷരത പരിപാടികൾ ആവിഷ്ക്കരിക്കുമെന്നും മന്ത്രി പറഞ്ഞു.

എസ് ഇ ആർ ടി ഡയറക്ടർ ഡോ.ജയപ്രകാശ് അധ്യക്ഷത വഹിച്ച ചടങ്ങിൽ എസ് എസ് കെ ഡയറക്ടർ ഡോ.സുപ്രിയ എ ആർ, എസ് ഇ ആർ ടി ഡയറക്ടർ ബി അബുരാജ്, കോൾ ചെയർമാൻ ഡോ.പി പ്രമോദ് എന്നിവർ ആശംസകൾ അറിയിച്ചു. സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടർ എ ജി ഒലീന സ്വാഗതവും അസിസ്റ്റൻറ് ഡയറക്ടർ ഡോക്ടർ ജെ വിജയമ്മ നന്ദിയും അറിയിച്ചു.

# ജീവിതശൈലീ രോഗങ്ങൾക്കെതിരായ ചെറുത്തുനിൽപ്പാണ് ചെറുധാന്യങ്ങളിലേക്കുള്ള മടക്കം: വീണാ ജോർജ്

**തിരുവനന്തപുരം:** ജീവിതശൈലീ രോഗങ്ങൾക്കെതിരായ കേരളത്തിന്റെ ചെറുത്തുനിൽപ്പാണ് ചെറുധാന്യങ്ങളിലേക്കുള്ള മടങ്ങിപ്പോക്കെന്ന് ആരോഗ്യ, ഭക്ഷ്യസുരക്ഷാ മന്ത്രി വീണാ ജോർജ്. അന്താരാഷ്ട്ര മില്ലറ്റ് വർഷത്തിൽ എഫ്.എസ്.എസ്.എ.ഐ ദക്ഷിണമേഖല വിഭാഗം സംസ്ഥാന ഭക്ഷ്യസുരക്ഷാ വകുപ്പുമായി ചേർന്ന് സംഘടിപ്പിച്ച മില്ലറ്റ് മേള പാപ്പനംകോട് സി.എസ്.ഐ.ആർഎൻ.ഐ.ഐ.എസ്.ടിയിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി.

ആരോഗ്യ സൂചികകളിൽ കേരളം ബഹുദൂരം മുൻപിലാണ്. പക്ഷെ, ജീവിതശൈലി രോഗങ്ങൾ ആണ് നാം നേരിടുന്ന വെല്ലുവിളി. അതിനോടുള്ള ചെറുത്തുനിൽപ്പാണ് ഭക്ഷണത്തിൽ ചെറുധാന്യങ്ങളിലേക്കുള്ള മടക്കം. ഒരു കാലഘട്ടത്തിൽ മലയാളിയുടെ ഭക്ഷണത്തിന്റെ ഭാഗമായിരുന്ന ചാമ, തിന തുടങ്ങിയ ചെറുധാന്യങ്ങൾ ഒഴിവാക്കപ്പെട്ടു.

കഴിക്കുന്ന ഭക്ഷണമാണ് നമ്മുടെ ആരോഗ്യം. കഴിക്കുന്ന ഭക്ഷണത്തിന്റെ സുരക്ഷ ഉറപ്പാക്കാനാണ് നിരവധി പ്രവർത്തനങ്ങൾ സംസ്ഥാന ഭക്ഷ്യസുരക്ഷാ വകുപ്പ് ആവിഷ്കരിച്ചു നടപ്പാക്കുന്നത്, മന്ത്രി ചൂണ്ടിക്കാട്ടി.

ഭക്ഷ്യസുരക്ഷാ വകുപ്പ് ചെറുധാന്യങ്ങൾ ഉപയോഗിച്ചുള്ള പാചകമത്സരം സംസ്ഥാനതലത്തിൽ സംഘടിപ്പിക്കും. ചെറുധാന്യങ്ങളുടെ ആരോഗ്യകരമായ ഗുണങ്ങൾ വളരെ വലുതാണ്. കോഴിക്കോട് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ട്രാൻസ്പ്ലന്റേഷൻ തുടങ്ങാനുള്ള പ്രാരംഭപ്രവർത്തി തുടങ്ങിയതായും മന്ത്രി കൂട്ടിച്ചേർത്തു.

ഭക്ഷ്യസുരക്ഷാ വകുപ്പ് കമ്മീഷണർ വി.ആർ വിനോദ് അധ്യക്ഷത വഹിച്ചു. എഫ്.എസ്.എസ്.എ.ഐ ജോയിന്റ് ഡയറക്ടർ ശീതൾ ഗുപ്ത, ഡോ. പി നിഷി, വെള്ളായണി കാർഷിക കോളജ് ഡീൻ ഡോ. റോയ് സ്റ്റീഫൻ, വാർഡ് കൗൺസിലർ സൗമ്യ എൽ തുടങ്ങിയവർ സംബന്ധിച്ചു. വിദഗ്ദരുടെ പ്രഭാഷണങ്ങൾ, വിദ്യാർഥികൾക്കായി പോസ്റ്റർ രചനാമത്സരം, ക്വിസ് എന്നിവയും നടന്നു.




## വൈദ്യുതി വിതരണം സുരക്ഷിതമാക്കാൻ ഭൂഗർഭ കേബിൾ സംവിധാനം

**പാലക്കാട് :** നഗരത്തിലും പരിസരത്തും വൈദ്യുതി വിതരണം കൂടുതൽ സുഗമവും സുരക്ഷിതവുമാക്കാൻ കെഎസ്ഇബി ഭൂഗർഭ കേബിൾ ലൈനുകൾ സ്ഥാപിച്ചു തുടങ്ങി. പാലക്കാട് 33 കെവി വൈദ്യുതി ഭവനം സബ് സ്റ്റേഷനിൽ നിന്ന് ബിഗ് ബസാർ, സുൽത്താൻപേട്ട, കൽപാത്തി സെക്ഷനുകളിലേക്കുള്ള ഓരോ 11 കെവി ഫീഡർ ലൈനുകളാണു ഭൂഗർഭ കേബിൾ സംവിധാനത്തിലേക്കു മാറ്റുന്നത്. 2 മാസത്തിനുള്ളിൽ പ്രവൃത്തികൾ പൂർത്തിയാക്കും.

നിലവിൽ എബി (ഏരിയൽ ബഞ്ച്ഡ്) കേബിൾ വഴിയാണ് വൈദ്യുതി എത്തിക്കുന്നത്. ഇതിൽ എന്തെങ്കിലും തടസ്സവും മറ്റും നേരിട്ടാൽ നഗരത്തിലെ വൈദ്യുതി വിതരണത്തെയാകെ ബാധിക്കും. ഇതൊഴിവാക്കാൻ കൂടിയാണ് ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്നത്. ഇതുവഴി കൂടുതൽ സുരക്ഷയും ഉറപ്പാക്കാം. നേരത്തെ സാധാരണ വൈദ്യുതി ലൈൻ വഴിയായിരുന്നു വിതരണം. ലൈൻ പൊട്ടിയും മറ്റുമുള്ള അപകടാവസ്ഥ ഒഴിവാക്കാൻ പിന്നീടത് ഏരിയൽ ബഞ്ച്ഡ് കേബിൾ സംവിധാനത്തിലേക്കു മാറ്റി.

ഇതിനെക്കാൾ കൂടുതൽ സുഗമവും സുരക്ഷിതവുമായ മാർഗമാണ് ഇപ്പോൾ നടപ്പാക്കുന്നത്. ശരാശരി 20,000 കണക്ഷൻ ഗുണഭോക്താക്കൾക്ക് ഇതിന്റെ ഗുണഫലം ലഭിക്കും. രഥോത്സവം നടക്കുന്ന അഗ്രഹാരങ്ങളിലും മറ്റും വികസന ഫണ്ടുകൾ ലഭ്യമാക്കി വൈദ്യുതി ലൈനുകൾ ഭൂഗർഭ കേബിൾ സംവിധാനത്തിലേക്കു മാറ്റുന്നുണ്ട്.

## കർഷകർക്കൊപ്പം കൃഷിഭവൻ: വയലാർ പഴയ കാർഷിക പ്രതാപത്തിലേക്ക്

**ആലപ്പുഴ:** വയലാർ പഞ്ചായത്തിൽ ഇന്ന് എവിടെ നോക്കിയാലും പച്ചക്കറിത്തോട്ടങ്ങളാണ്. തരിശ് സ്ഥലങ്ങളിലും വീടുകളുടെ മട്ടുപ്പാവിലുമെല്ലാം വെണ്ടയും പാവലും പീച്ചിലും പയറും പടവലവും തുടങ്ങി വിവിധതരം പച്ചക്കറികൾ കായ്ച്ചു നിൽക്കുന്ന കാഴ്ച. പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തത കൈവരിക്കാൻ കൃഷിഭവൻ നടത്തുന്ന പ്രവർത്തനങ്ങൾ ഇന്ന് വയലാറിന്റെ പഴയ കാർഷിക പ്രതാപം തിരികെ കൊണ്ടുവരുകയാണ്. പരമ്പര്യ കൃഷി രീതികൾക്കൊപ്പം ഒരു ഗ്രാമത്തെ മുഴുവൻ കാർഷിക ഗ്രാമമാക്കി മാറ്റാനുള്ള പദ്ധതികളാണ് കൃഷിഭവന്റെ നേതൃത്വത്തിൽ ഇവിടെ നടപ്പാക്കുന്നത്.

പഞ്ചായത്തിന്റെ കാർഷിക കർമസേന പരിപാലിക്കുന്ന ഒരേക്കർ മാതൃക പച്ചക്കറിത്തോട്ടം ഉൾപ്പടെ 25 ഏക്കറോളം സ്ഥലത്ത് ഇന്ന് പച്ചക്കറി കൃഷിയുണ്ട്. കരനെൽ, ചോളം, പൂ, വാഴ, തെങ്ങ്, ഫലവൃക്ഷത്തോട്ടം തുടങ്ങിയവയുടെ കൃഷിയും വിജയകരമായി നടക്കുന്നു. പഞ്ചായത്തിലെ തരിശ് സ്ഥലങ്ങൾ, വീടുകളുടെ മട്ടുപ്പാവുകൾ എന്നിവയെല്ലാമാണ് പച്ചക്കറിത്തോട്ടങ്ങളാക്കിയെടുത്തത്. വെണ്ട, പാവൽ, പീച്ചിൽ, പടവലം, തക്കാളി, മുളക്, പയർ, വഴുതന തുടങ്ങിയ പച്ചക്കറികളാണ് കൃഷി ചെയ്യുന്നത്.

ഓണത്തിന് ഒരു മുറം പച്ചക്കറി കൃഷി പദ്ധതിയും പഞ്ചായത്ത് മികച്ച രീതിയിൽ നടപ്പാക്കി. ഇതിലൂടെ പഞ്ചായത്തിലെ കാർഷിക കർമസേന ഉത്പാദിപ്പിച്ച രണ്ട് ടണ്ണിൽപരം ജൈവ പച്ചക്കറികൾ ഉൾപ്പെടെ ടൺ കണക്കിന് പച്ചക്കറികളാണ് പഞ്ചായത്തിൽ ഉടനീളം വിളവെടുക്കാനായത്. ഇതിൽ കൂടുതലും പഞ്ചായത്തിന്റെ തന്നെ ഓണച്ചന്ത വഴി വിൽപന നടത്താനായി എന്നതും വയലാറിന്റെ കാർഷിക മേഖലയുടെ വലിയ നേട്ടമാണ്.

സംസ്ഥാന കൃഷി വകുപ്പിന്റെ വിവിധ കാർഷിക പദ്ധതികൾ, കേര വികസന പദ്ധതികൾ, ഹോർട്ടികൾച്ചർ മിഷന്റെ പച്ചക്കറി വികസന പദ്ധതി തുടങ്ങിയവ വഴിയുള്ള സഹായങ്ങൾ കർഷകർക്ക് നൽകുന്നുണ്ട്. ഒപ്പം പഞ്ചയാത്ത് ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി കൃഷിക്കാവശ്യമായ വളങ്ങൾ, നല്ലയിനം വിത്തുകൾ, പച്ചക്കറി ഫലവർഗ തൈകൾ, സ്പ്രേയറുകൾ, നിലമൊരുക്കുന്നതിനാവശ്യമായ കുമ്മായം, ജലസേചനത്തിനായി മോട്ടോറുകൾ തുടങ്ങിയ സേവനങ്ങളും നൽകുന്നു.



# ബ്രഹ്മപുരം ബയോമൈനിങ്: ഭൂമി ഗ്രീൻ എനർജിക്ക് കരാർ

**കൊച്ചി :** ബ്രഹ്മപുരത്തു ബയോമൈനിങ് നടത്താൻ പുണെ കേന്ദ്രമായ ഭൂമി ഗ്രീൻ എനർജി എന്ന കമ്പനിക്കു കരാർ നൽകാൻ കോർപറേഷൻ കൗൺസിൽ തീരുമാനിച്ചു. 70 പേർ പങ്കെടുത്ത കൗൺസിൽ യോഗത്തിൽ 25 യുഡിഎഫ് കൗൺസിലർമാർ തീരുമാനത്തെ എതിർത്തു വോട്ടു ചെയ്തു. എൽഡിഎഫ്, ബിജെപി കൗൺസിലർമാർ അനുകൂലിച്ചു. ബയോമൈനിങ് നടത്താൻ ടണ്ണിന് 1,690 രൂപ പ്രകാരമാണു കരാർ നൽകുക. ബയോമൈനിങ് ചെയ്തെടുക്കുന്ന ആർഡിഎഫ് സംസ്ഥാനത്തിനു പുറത്തേക്കുള്ള സിമന്റ് കമ്പനികളിലേക്കു നീക്കേണ്ടതിനാൽ ഗതാഗത ചെലവ് ഏറെയായതാണു നിരക്ക് ഉയരാൻ കാരണമായതെന്നു മേയർ എം. അനിൽകുമാർ പറഞ്ഞു.

നിരക്ക് കുറയ്ക്കാനായി പലവട്ടം ചർച്ച നടത്തിയെങ്കിലും 1690 രൂപയിലേക്കു മാത്രമാണ് എത്തിയതെന്നും മേയർ പറഞ്ഞു. ബ്രഹ്മപുരത്തു ബയോമൈനിങ് നടത്തി കെട്ടിക്കിടക്കുന്ന മാലിന്യം നീക്കേണ്ടതു നഗരത്തിലെ ജനങ്ങളുടെ ആവശ്യമാണ്. എന്നാൽ അതിനെ എതിർക്കുന്ന യുഡിഎഫിന്റേത് ശരിയായ സമീപനമല്ല. നഗരത്തിന്റെ ആവശ്യമാണെന്നു തിരിച്ചറിഞ്ഞാണു ബിജെപി കൗൺസിലർമാർ കരാർ നൽകാനുള്ള തീരുമാനത്തെ അനുകൂലിച്ചതെന്നും മേയർ പറഞ്ഞു.

ബ്രഹ്മപുരത്തു കെട്ടിക്കിടക്കുന്ന മാലിന്യത്തിന്റെ അളവ് കോർപറേഷൻ എടുത്തിട്ടില്ല. 5.60 ലക്ഷം ടൺ മാലിന്യമുണ്ടാകുമെന്നാണ് ഏകദേശ കണക്ക്. അങ്ങനെയെങ്കിൽ 94.64 ലക്ഷം രൂപ ചെലവു വരും. മാലിന്യത്തിന്റെ അളവ് കൂടിയാൽ അതിനനുസരിച്ചു കൂടുതൽ തുക ചെലവാകും.

തനതു ഫണ്ട് വിനിയോഗിക്കാതെ കേന്ദ്ര, സംസ്ഥാന സഹായം വഴി ബയോമൈനിങ്ങിനുള്ള പണം കണ്ടെത്തുമെന്നാണു കോർപറേഷന്റെ വാദം. കേന്ദ്രത്തിൽ നിന്നു ഫിനാൻസ് കമ്മിഷൻ ഗ്രാന്റായി 38.7 കോടി രൂപ ലഭിച്ചതു കോർപറേഷന്റെ കൈവശമുണ്ടെന്നു സെക്രട്ടറി എം. ബാബു അബ്ദുൽ ഖാദിർ വിശദീകരിച്ചു. ബയോമൈനിങ്ങിൽ പുരോഗതി കൈവരിക്കാനായി കേന്ദ്രത്തിൽ നിന്ന് അധിക സഹായം ലഭിക്കുമെന്നും സെക്രട്ടറി പറഞ്ഞു.

# നാഫെഡിന്റെ പച്ചത്തേങ്ങ സംഭരണം റജിസ്ട്രേഷൻ വൈകുന്നു; സംഭരണം വൈകും



**പാലക്കാട് :** റജിസ്ട്രേഷൻ നടപടികൾ പകുതിപോലും പൂർത്തിയാകാത്തതിനാൽ ജില്ലയിൽ നാഫെഡിനു വേണ്ടിയുള്ള വിഎഫ്പിസികെയുടെ പച്ചത്തേങ്ങ സംഭരണം ആരംഭിക്കാൻ ചുരുങ്ങിയത് ഒരു മാസമെങ്കിലുമെടുക്കും. കൃഷിവകുപ്പ്, വിഎഫ്പിസികെ, കേരഫെഡ് എന്നിവയുടെ നേതൃത്വത്തിലുള്ള ജില്ലയിലെ 17 സ്വാശ്രയ കർഷക സമിതികൾ മുഖേന തന്നെയാണു നാഫെഡിലേക്കും പച്ചത്തേങ്ങ സംഭരിക്കുക. പുതിയ റജിസ്ട്രേഷനുകൾ പൂർത്തിയായെങ്കിൽ മാത്രമേ സംഭരണം ആരംഭിക്കാൻ സാധിക്കൂ. നിലവിൽ ഓരോ സമിതികളിലും മുന്നൂറോളം അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്.

എന്നാൽ സമിതികളിൽ സൗകര്യങ്ങൾ ഇല്ലാത്തതിനാൽ അക്ഷയകേന്ദ്രം മുഖേനയാണ് റജിസ്ട്രേഷൻ നടക്കുന്നത്. കൃഷിഭവനുകളിൽ നിന്നു കിട്ടുന്ന സർട്ടിഫിക്കറ്റ്, അപേക്ഷ, അനുബന്ധ രേഖകൾ എന്നിവ സഹിതം സമിതികളിൽ നൽകാതെ നേരിട്ട് അക്ഷയകേന്ദ്രം വഴി റജിസ്റ്റർ ചെയ്യുന്ന കർഷകരുമുണ്ട്. ഇങ്ങനെ ചെയ്യുമ്പോൾ ഏതു സമിതിയുടെ കീഴിലാണ് എന്നുള്ള വിവരങ്ങൾ കൂടി രേഖപ്പെടുത്തണം. 50 അപേക്ഷകൾ വീതമാണ് സമിതികൾ അക്ഷയകേന്ദ്രത്തിനു റജിസ്റ്റർ ചെയ്യാൻ നൽകുന്നത്. അയിലൂർ പാളയമംഗലം പോലുള്ള സമിതികളിൽ നിലവിൽ ഒരു അപേക്ഷ പോലും വന്നിട്ടില്ലെന്ന് അധികൃതർ പറഞ്ഞു.

വിഎഫ്പിസികെയിൽ നിന്നു സംഭരണം നിർത്താനുള്ള നിർദേശം ലഭിക്കാത്തതിനാൽ ജില്ലയിലെ 17 സ്വാശ്രയ കർഷക സമിതികൾ വഴിയും നിലവിൽ കേരഫെഡിനു വേണ്ടിയുള്ള സംഭരണം തുടരുന്നുണ്ട്. നിർദേശം ലഭിച്ചാൽ മാത്രമേ സംഭരണം നിർത്തൂ എന്നു കോട്ടായി സമിതി പ്രസിഡന്റ് എച്ച്.സൈനുദ്ദീൻ പറഞ്ഞു. കൈകാര്യച്ചെലവ് കുടിശിക ഇനത്തിൽ ഓരോ സമിതികൾക്കും 50,000 രൂപ വീതം ജൂലൈയിൽ വിഎഫ്പിസികെ നൽകിയതിനാൽ വലിയ സാമ്പത്തിക പ്രതിസന്ധി ഇല്ലാതെയാണു സംഭരണം മുന്നോട്ടു പോകുന്നത്. ഒരു മാസത്തിനുള്ളിൽ കുടിശിക പൂർണമായി നൽകിയില്ലെങ്കിൽ വീണ്ടും പ്രതിസന്ധിയാകും.

## ദുരന്ത നിവാരണ പരിശീലന ക്ലാസ്

**കൊച്ചി:** സാമൂഹിക സന്നദ്ധ സേന ഡയറക്ടറേറ്റ് ദുരന്ത നിവാരണ അതോറിറ്റിയുമായി ചേർന്ന് താലൂക്ക് തലത്തിൽ സന്നദ്ധ സേനാ പ്രവർത്തകർക്ക് നൽകുന്ന പരിശീലന പരിപാടി മൂവാറ്റുപുഴ തഹസിൽദാരുടെ നേതൃത്വത്തിൽ മൂവാറ്റുപുഴ ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ ഓഫീസറുടെ കാര്യാലയത്തിൽ നടന്നു. രണ്ട് ദിവസങ്ങളിലായി നടന്ന പരിശീലന പരിപാടിയിൽ പ്രഥമശുശ്രൂഷ നടപടി ക്രമങ്ങൾ, എല്ലാത്തരം ദുരന്തങ്ങൾ, അപകടങ്ങളുമായി ബന്ധപ്പെട്ട രക്ഷാപ്രവർത്തനങ്ങൾ, ദുരിതാശ്വാസ പ്രവർത്തനങ്ങൾ, ക്യാമ്പ് മാനേജ്മെന്റ് എന്നിവ സംബന്ധിച്ച് വിശദമായ പരിശീലനം നൽകി. പരിശീലന പരിപാടിൽ മൂവാറ്റുപുഴ തഹസിൽദാർ രഞ്ജിത്ത് ജോർജ്, ഭൂരേഖ തഹസിൽദാർ അസ്മാ ബീവി, ഫയർ & റസ്ക്യൂ സ്റ്റേഷൻ ഓഫീസർ മനോജ് എസ്. നായിക് അസി. സ്റ്റേഷൻ ഓഫീസർ കെ.സി. ബിജുമോൻ, ഡെപ്യൂട്ടി തഹസിൽദാർ പി.എം. മഞ്ജു, ഡിഎം ക്ലാർക്ക് ബ്ലിസ് ജോൺ, ഹസാർഡ് അനലിസ്റ്റ് അഞ്ജലി പരമേശ്വരൻ, എഫ് ആർ ഒ കെ.എം. ഇബ്രാഹിം, സി എ നിഷാദ്, ഐ എ ജി കൺവീനർ നസീർ അലിയാർ തുടങ്ങിയവർ പങ്കെടുത്തു. കൂടാതെ റവന്യൂ വകുപ്പിലെയും ഫയർ & റസ്ക്യൂ വിഭാഗത്തിലെയും വിവിധ ഉദ്യോഗസ്ഥരും വിവിധ സന്നദ്ധ സേന പ്രവർത്തകരും പരിശീലന പരിപാടിയിൽ പങ്കെടുത്തു.

## കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി വിഹിതം നവംബർ 30 വരെ

**കൊച്ചി:** കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗങ്ങളായ ക്ഷേമനിധി വിഹിതം കുടിശ്ശിക വരുത്തിയ തൊഴിലാളികൾക്ക് പലിശ സഹിതം ഒടുക്കുന്നതിന് 2023 നവംബർ 30 വരെ സമയം അനുവദിച്ചതായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. വിശദവിവരങ്ങൾക്കായി എസ്.ആർ.എം. റോഡിലുള്ള എറണാകുളം ജില്ലാ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. ഫോൺ നം.04842401632.

## വോട്ടർ പട്ടികയിൽ പേര് ചേർക്കാം

**കൊച്ചി:** മൂന്നുവർഷത്തെ ഇടവേളക്കുശേഷം പുതുക്കുന്ന അന്തിമ വോട്ടർ പട്ടിക ഒക്ടോബർ 16ന് പ്രസിദ്ധീകരിക്കാൻ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ നടപടികൾ സ്വീകരിച്ചു. 2023 ജനുവരി ഒന്ന് അടിസ്ഥാനമാക്കി 18 വയസ്സ് പൂർത്തിയായവർക്ക് വോട്ടർ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് അപേക്ഷ നൽകാവുന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള വോട്ടർ പട്ടിക അടിസ്ഥാനമാക്കിയുള്ള കരട് വോട്ടർ പട്ടിക ഈ മാസം 08 ന് പ്രസിദ്ധീകരിച്ചു. ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പരിശോധനയ്ക്ക് ലഭ്യവുമാണ്.അർഹരായവർക്ക് സെപ്റ്റംബർ 23 വരെ പട്ടികയിൽ പേര് ചേർക്കാം. മരിച്ചവരെയും താമസം മാറിയവരെയും പട്ടികയിൽ നിന്ന് ഒഴിവാക്കും. 2020 ലെ പൊതുതെരഞ്ഞെടുപ്പിന് ശേഷം ആദ്യമായാണ് മുഴുവൻ തദ്ദേശ സ്ഥാപനങ്ങളിലേയും വോട്ടർ പട്ടിക പുതുക്കുന്നത്. തദ്ദേശ ഉപതെരഞ്ഞെടുപ്പിനും 2025 ലെ പൊതുതെരഞ്ഞെടുപ്പിനും ആവശ്യമായ ഭേദഗതികളോടെ ഈ പട്ടിക ഉപയോഗിക്കും. വോട്ടർ പട്ടികയിൽ പേര് ചേർക്കാൻ ഉൾക്കുറിപ്പ് തിരുത്താനും സ്ഥാനമാറ്റം വരുത്താനും sec.kerala.gov.in ലൂടെ അപേക്ഷിക്കാം. അക്ഷയ കേന്ദ്രം അംഗീകൃത ജനസേവന കേന്ദ്രം എന്നിവ മുഖേനയും അപേക്ഷകൾ സമർപ്പിക്കാം

### ഏവിയേഷൻ മാനേജ്മെൻറ് ആൻറ് ടിക്കറ്റിങ് കൺസൽട്ടൻറ് :അഡ്മിഷൻ തുടരുന്നു

**കൊച്ചി:** കളമശ്ശേരി ഗവ. വനിത ഐ.ടി.ഐ യിൽ ഐ.എം.സി യുടെ ആഭിമുഖ്യത്തിൽ, പ്ലസ് ടു ബിരുദ യോഗ്യതകൾ ഉള്ള ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും ചുരുങ്ങിയ ചെലവിൽ കേന്ദ്ര സർക്കാർ അംഗീകാരത്തോടെ നടത്തുന്ന ഒരു വർഷത്തെ ഏവിയേഷൻ മാനേജ്മെൻറ് ആൻറ് ടിക്കറ്റിങ് കൺസൽട്ടൻറ് കോഴ്സിൽ ഏതാനം സീറ്റുകൾ കൂടി ഒഴിവ്. താത്പര്യമുള്ളവർ നേരിട്ടെത്തി അഡ്മിഷൻ എടുക്കേതാണ്. വിശദവിവരങ്ങൾക്ക് 8301830093, 8078353431

## മേട്രൺ ഒഴിവ്

**കൊച്ചി:**കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ കാക്കനാട് വർക്കിങ് വുമൺസ് ഹോസ്റ്റലിലേക്ക് മേട്രൺ തസ്തികയിൽ 45 വയസ്സിനു മുകളിൽ പ്രായമുള്ള സ്ത്രീകളിൽ നിന്ന് അപേക്ഷ ക്ഷണിക്കുന്നു. എസ്.എസ്.എൽ.സി യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. മുൻകാലങ്ങളിലുള്ള പ്രവർത്തി പരിചയം, കമ്പ്യൂട്ടർ പരിജ്ഞാനം എന്നിവ അഭികാമ്യം. സെപ്റ്റംബർ 22ന് മുൻപായി അപേക്ഷ സമർപ്പിക്കേണ്ടതാണ്.കൂടുതൽ വിവരങ്ങൾക്ക് താഴെ പറയുന്ന നമ്പറിലോ ബോട്ട് ജെട്ടിക്ക് സമീപമുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പ്രവർത്തന സമയത്തോ ബന്ധപ്പെടാവുന്നതാണ്. ഫോൺ : 04842369059

# നിരത്തുകളിലെ നിയമ ലംഘനങ്ങൾക്കെതിരെ കർശന നടപടി : ഗതാഗത കമ്മീഷണർ

**കൊച്ചി:** നിരത്തുകളിലെ നിയമ ലംഘനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമെന്ന് ഗതാഗത, റോഡ് സുരക്ഷാ കമ്മീഷണർ എസ് ശ്രീജിത്ത് പറഞ്ഞു. റോഡ് സുരക്ഷാ വർഷാചരണത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന വിവിധ ബോധവത്കരണ പരിപാടികൾ വിശദീകരിക്കുകയായിരുന്നു അദ്ദേഹം.റോഡപകടങ്ങൾ പരമാവധി കുറയ്ക്കുകയാണ് സർക്കാർ ലക്ഷ്യം. കഴിഞ്ഞ മൂന്നു മാസത്തിനിടെ സംസ്ഥാനത്തെ റോഡപകട മരണങ്ങളിൽ 10 ശതമാനം കുറവുണ്ടായി. ഗതാഗത നിയമ ലംഘനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിൽ ഫലം കാണുന്നു എന്നതിന്റെ സൂചനയാണിത്. റോഡപകടത്തിൽ ഒരാൾ പോലും മരിക്കരുത് എന്നതാണ് മുന്നിലുള്ള ലക്ഷ്യം. പ്രതിവർഷം 4000 പേരാണ് സംസ്ഥാനത്ത് റോഡപകടങ്ങളിൽ മരിക്കുന്നത്. ഇരുപതിനായിരത്തോളം പേർക്ക് ഗുരുതരപരുക്കുകളും ഉണ്ടാകുന്നു. ഇത് പരമാവധി കുറയ്ക്കണം.അലക്ഷ്യമായി വാഹനമോടിച്ച് അപകടം ഉണ്ടാക്കുന്നവരുടെ ഡ്രൈവിംഗ് ലൈസൻസ് മൂന്നു മാസത്തേക്ക് റദ്ദാക്കും. ഇങ്ങനെ റദ്ദാക്കപ്പെടുന്നവരുടെ ലൈസൻസ് പുനസ്ഥാപിക്കുന്നതിന് മോട്ടോർ വാഹന വകുപ്പിന്റെ സംസ്ഥാനത്തെ പ്രൊഫഷണൽ ട്രെയിനിങ് സ്ഥാപനമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡ്രൈവേഴ്സ് ട്രെയിനിങ് ആന്റ് റിസർച്ച്(ഐ.ഡി.ടി.ആർ) സെന്ററിൽ കോഴ്സിൽ പങ്കെടുപ്പിക്കും. കൂടാതെ റോഡപകടങ്ങളിൽ ഗുരുതരമായി പരുക്കേറ്റ് പാലിയേറ്റീവ് കെയറിൽ കഴിയുന്നവരെ ഇവർ പരിചരിക്കുകയും വേണം.ഐ.ഡി.ടി.ആർ എക്സ്റ്റൻഷൻ സെന്റർ കറുകുറ്റി എസ്.സി.എം.എസിലെ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റോഡ് സേഫ്റ്റി ആൻഡ് ട്രാൻസ്പോർട്ടേഷനിൽ ആരംഭിക്കും. ഒരു മാസത്തിനകം സെന്റർ പ്രവർത്തന സജ്ജമാകും. ഡ്രൈവർമാർക്ക് മികച്ച പരിശീലനം ഉറപ്പാക്കുകയാണ് ലക്ഷ്യമെന്ന് അദ്ദേഹം പറഞ്ഞു. സെന്ററിന്റെ ഉദ്ഘാടനം സെപ്റ്റംബർ 10 ന് രാവിലെ 10ന് മന്ത്രി ആന്റണി രാജു നിർവഹിക്കും.വാഹന ഇൻഷുറൻസിന്റെ കാര്യത്തിൽ പുതിയൊരു മാറ്റത്തിനായി സർക്കാർ ശ്രമം ആരംഭിച്ചിട്ടുണ്ട്. മാന്യമായ രീതിയിൽ അപകടമുണ്ടാക്കാതെ ഉപയോഗിക്കുന്ന വാഹനങ്ങളുടെ ഇൻഷുറൻസ് തുക കുറയ്ക്കുകയും പതിവായി നിയമലംഘനം നടത്തുന്ന വാഹനങ്ങളുടെ പ്രീമിയം വർധിപ്പിക്കുകയും ചെയ്യുന്നതിനുള്ള ശ്രമമാണ് നടത്തുന്നത്. ഗുരുതരമായ കുറ്റകൃത്യങ്ങളിൽ ഉപയോഗിക്കുന്ന വാഹനങ്ങളുടെ ആർ.സി റദ്ദാക്കുന്നതിനെക്കുറിച്ചും ഇൻഷുറൻസ് പുതുക്കാതിരിക്കുന്നതിനും ആലോചിക്കുന്നുണ്ട്. രണ്ടു വാഹനങ്ങളുടെ ആർ സി ഇതിനകം റദ്ദാക്കിയിട്ടുണ്ട്.വാഹനങ്ങളിൽ തീപിടിത്തമുണ്ടാകുന്ന പല സംഭവങ്ങളും സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. ഇതിന്റെ പശ്ചാത്തലത്തിൽ വിദഗ്ധ സമിതിയുടെ നേതൃത്വത്തിൽ പ്രത്യേക പഠനം നടത്തും.കേരള മോട്ടോർ വാഹന വകുപ്പും ഫസ്റ്റ് എയ്ഡ് സംഘടനയും എസ്.സി.എം.എസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റോഡ് സേഫ്റ്റി ആന്റ് ട്രാൻസ് പോർട്ടേഷനും ചലച്ചിത്ര മേഖലയിലെ സിനിമാതാരങ്ങളും സംയുക്തമായാണ് വിവിധ റോഡ് സുരക്ഷാ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നത്. യുവജന



ങ്ങൾക്കിടയിലെ അപകടകരമായ വാഹന ഉപയോഗം നിയന്ത്രിക്കുന്നതിനും അവരിൽ നല്ല റോഡ് സംസ്കാരം വളർത്തുന്നതിനും സമഗ്രമായ പ്രവർത്തന പദ്ധതികളാണ് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്.സേഫ് ക്യാംപസ് എന്ന ആശയം മുൻനിർത്തി പേസ്(പ്രൊജക്ട് ഫോർ ആക്സിഡന്റ് ഫ്രീ ക്യാംപസ് എൻവയൺമെന്റ് ) എന്ന പേരിൽ പുതിയൊരു പദ്ധതിയും നിലവിൽ ആരംഭിച്ചിട്ടുണ്ട്. കാക്കനാട് രാജഗിരി കോളേജിൽ മുഖ്യമന്ത്രി ഉദ്ഘാടനം നിർവഹിച്ച പദ്ധതി ജില്ലയിലെ 10 കോളേജുകളിൽ വോളണ്ടിയർ പരിശീലനം പൂർത്തിയാക്കി വിവിധ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ഈ പ്രൊജക്ട് സംസ്ഥാന വ്യാപകമായി ആരംഭിക്കുന്നതിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങളും തുടങ്ങുകയാണ്. ഇതുമായി ബന്ധപ്പെട്ട ദ്വിദിന സംസ്ഥാനതല നേതൃത്വ പരിശീലനം സെപ്റ്റംബർ 9, 10 തീയതികളിൽ കറുകുറ്റി എസ്.സി.എം.എസ് കോളേജ് ഓഫ് എൻജിനീയറിങ് ആന്റ് ടെക്നോളജിയിൽ നടക്കും. കേരള ടെക്നിക്കൽ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള സംസ്ഥാനത്തെ 100 എഞ്ചിനീയറിങ് കോളേജുകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ഇരുന്നൂറോളം വാളണ്ടിയർമാരും അധ്യാപകരുമാണ് പരിശീലനത്തിൽ പങ്കെടുക്കുക.ഫസ്റ്റ് എയ്ഡ് എന്ന സംഘടനയുമായി സഹകരിച്ച് സംസ്ഥാനത്തെ എല്ലാ കോളേജുകളും കേന്ദ്രീകരിച്ച് ഒരു വർഷം നീണ്ടു നിൽക്കുന്ന റോഡ് സുരക്ഷാ ബോധവൽക്കരണ പരിപാടികളും ഇതോടൊപ്പം ആരംഭിക്കുകയാണ്. ബോധവൽക്കരണ പരിപാടികളിലേക്ക് വിദ്യാർത്ഥികളുടെയും പൊതുജനങ്ങളുടെയും ശ്രദ്ധയാകർഷിക്കുന്നതിനായി ഇടപ്പള്ളി സെന്റ് ജോർജ് ഹൈസ്കൂളിൽ ശനിയാഴ്ച്ച ഉച്ചയ്ക്ക് 1.30 മുതൽ സ്കൂൾ കുട്ടികളുടെ അഖില കേരള വടംവലി മത്സരവും ജനപ്രതിനിധികളും സിനിമ താരങ്ങളും മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥരുമടങ്ങുന്ന ടീമുകളുടെ പ്രദർശന വടംവലി മത്സരവും സംഘടിപ്പിച്ചിട്ടുണ്ട്. ബോധവൽക്കരണ ക്ലാസും ഇതോടൊപ്പം നടക്കുമെന്നും അദ്ദേഹം പറഞ്ഞു. കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടത്തിയ വാർത്താസമ്മേളനത്തിൽ സിനിമാ നിർമ്മാതാവ് സാന്ദ്ര തോമസ്, എസ്.സി.എം.എസ് കോളേജ് വൈസ് ചെയർമാൻ പ്രമോദ് പി. തേവന്നൂർ, എസ്.സി.എം.എസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റോഡ് സേഫ്റ്റി ആന്റ് ട്രാൻസ്പോർട്ട് ഡയറക്ടർ ആദർശ് കുമാർ, ഫസ്റ്റ് എയ്ഡ് എൻ.ജി.ഒയുടെ സംസ്ഥാന പ്രസിഡന്റ് സനീഷ് കല്ലൂക്കാടൻ, റീജണൽ ട്രാൻസ്പോർട്ട് ഓഫീസർ ജി. അനന്തകൃഷ്ണൻ എന്നിവർ പങ്കെടുത്തു.

# പുതിയ 10 ഔട്ട്ലറ്റുകളുമായി മീറ്റ് ബാരൽ




**കൊച്ചി :** ഉണ്ണിച്ചിറയിലെ ഫുഡ് ഹബ്ബായ സ്ട്രീറ്റ് സ്റ്റോറിൽ പ്രവർത്തിക്കുന്ന തനത് തുർക്കിഷ് ഷവർമ്മ ഔട്ട്ലറ്റായ മീറ്റ് ബാരൽ പുതിയ 10 ഔട്ട്ലറ്റുകൾ തുറക്കുന്നു. കൊച്ചിയിലെ രണ്ടാമത് ഔട്ടലറ്റ് നാളെ വൈകിട്ട് നാലിന് കാക്കാനാട് സൺറൈസ് ആശുപത്രിക്ക് സമീപം ഉമാ തോമസ് എം.എൽ.എ ഉദ്ഘാടനം ചെയ്യും. അൻവർ സാദത്ത് എം.എൽ.എ, തൃക്കാക്കര നഗരസഭ അധ്യക്ഷ രാധാമണി പിള്ള, കൊച്ചി സിറ്റി ട്രാഫിക് എ.സി.പി. എ.എ.അഷറഫ് തുടങ്ങിയവരും പങ്കെടുക്കും. കനലിൽ തയ്യാറാക്കുന്ന ഹൊറിസോണ്ടൽ ചാർക്കോൾ ഷവർമ്മ, ബൺ ഷവർമ്മ, ഉൾപ്പെടെ വിവിധയിനം തുർക്കിഷ്, അറേബ്യൻ ഷവർമ്മകൾ, മുനാഫ, ഹമ്മൂസ്, കാശ്മീരി കാവ എന്നിവയാണ് മീറ്റ് ബാരൽ പ്രധാന വിഭവങ്ങളെന്ന് പ്രമോട്ടർ അഞ്ജലി ദേവി കൊച്ചിയിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

# ഇൻഫ്ളുവെൻസേഴ്സ് സമ്മിറ്റ് ഇന്ന്




**കൊച്ചി :** സോഷ്യൽ മീഡിയ ഇൻഫ്ളുവെൻസേഴ്സ് സമ്മിറ്റ് അങ്കമാലി അഡ്‌ലക്സ് കൺവെൻഷൻ സെന്ററിൽ ഇന്ന് ഉച്ചയ്ക്ക് രണ്ടിന് ഗതാഗത വകുപ്പ് മന്ത്രി ആന്റണി രാജു ഉദ്ഘാടനം ചെയ്യും. ബെന്നി ബഹനാൻ എം.പി. മുഖ്യാതിഥിയാകും. ആധുനിക കാലത്തെ പുതിയ മാർക്കറ്റിംഗ് രീതിയായ ഇൻഫ്ളുവെൻസേഴ്സ് മാർക്കറ്റിംഗിലൂടെ എങ്ങനെ സ്വന്തം ഉൽപ്പന്നങ്ങളെയും ബ്രാൻഡിനെയും അടുത്ത തലത്തിലേക്കെത്തിക്കാം എന്ന ആശയത്തിന് പ്രാധാന്യം നൽകിയാണ് സമ്മിറ്റ് സംഘടിപ്പിച്ചിരിക്കുന്നതെന്ന് സംഘാടകരായ ബ്രാൻഡ് സ്റ്റോറീസ് മാസികയുടെ മാനേജിംഗ് ഡയറക്ടർ സാമി കെ ഹരിദാസ്, ചീഫ് എഡിറ്റർ സുജീഷ് കെ എസ് എന്നിവർ വാർത്താസമ്മേളനത്തിൽ പറഞ്ഞു. എത്തിക്കൽ സോഷ്യൽ മീഡിയ പ്രമോഷൻസിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്ന രീതികൾ സമ്മിറ്റിൽ ചർച്ചയാക്കും. സമ്മിറ്റിൽ ടാറ്റ ബ്ലൂസ്കോപ്പ് സ്റ്റീൽ നാഷണൽ ഹെഡ് അവിനാഷ് പഞ്ചാക്ഷരി, ഇന്ത്യാമെക്സിക്കോ ട്രെയ്ഡ് കമ്മീഷ്ണർ എസ്.വി മണികണ്ഠൻ, നീതൂസ് അക്കാദമി ഡയറക്ടർ നീതു ബോബൻ, പവിഴം ഗ്രൂപ്പ് ചെയർമാൻ എൻ. പി ജോർജ്ജ്, ബിസിനസ് കൺസൾട്ടന്റ് ഡോ. രെഞ്ജിത്ത് രാജ്. സിനിമാ താരം ഹണി റോസ്, സെൻസ് പ്രമോസ് സിഇഒ നിഖിൽ മോഹനൻ തുടങ്ങിയവരും സമ്മിറ്റിൽ പങ്കെടുക്കുമെന്നും സംഘാടകർ അറിയിച്ചു.

# 'ഡെബ്കോൺഫ് 2023'; ഇൻഫോപാർക്ക് വേദിയാകുന്നു

**കൊച്ചി:** ഇരുപത്തിനാലാമത് ഡെബിയൻ കോൺഫറൻസിന് സെപ്റ്റംബർ 10 ന് കൊച്ചി ഇൻഫോപാർക്കിൽ തുടക്കമാകും. എട്ട് ദിവസം നീണ്ടുനിൽക്കുന്ന സമ്മേളനം സെപ്റ്റംബർ 17ന് അവസാനിക്കും. ഡെബിയനിൽ പ്രവർത്തിക്കുന്നവർക്കും ഡെബിയൻ മെച്ചപ്പെടുത്താൻ താൽപ്പര്യമുള്ള ഉപയോക്താക്കൾക്കും വേണ്ടിയുള്ള വാർഷിക സമ്മേളനമാണ് 'ഡെബ്കോൺഫ് 23 'യെന്ന് സംഘാടകർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. മുപ്പതിലധികം രാജ്യങ്ങളിൽ നിന്നുള്ളവർ സമ്മേളനത്തിൽ പങ്കെടുക്കും. 86 ഓളം പ്രഭാഷണങ്ങളും ഉണ്ടാകും.ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ഡെബിയൻ ഡെവലപ്പർമാരും ഉപയോക്താക്കളുമാണ് പരിപാടിയുടെ ഭാഗമാകുന്നത്. ഡെബ്കോൺ!ഫിനോടനുബന്ധിച്ച് സെപ്റ്റംബർ രണ്ടു മുതൽ ഒമ്പത് വരെ നീളുന്ന ഡെബ്ക്യാമ്പും നടത്തുന്നുണ്ട്. ഡെബിയൻ, എസ്.പി.ഐ, ഡെബിയൻ ഇന്ത്യ, ഡെബിയൻ ഫ്രാൻസ്, ഡെബിയൻ സ്വിറ്റ്സർലൻഡ്, ഫോസ്സ് യുണൈറ്റഡ് ഫൗണ്ടേഷൻ, ഇൻഫോപാർക്ക് എന്നിവരുടെ ആഭിമുഖ്യത്തിലാണ് ഈ വാർഷിക സംഗമം നടക്കുന്നത്. ഇൻഫോപാർക്കിലെ അതുല്യ ഓഡിറ്റോറിയത്തിലും, ഫോർ! പോയിന്റ്സ് ബൈ ഷെറാട്ടൺ ഹോട്ടലിലുമായി സംഘടിപ്പിക്കപ്പെടുന്ന സമ്മേളനത്തിന്റെ വിശദവിവരങ്ങൾക്ക്
https://debconf23.debconf.org/schedule/ എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.പരിപാടികൾ ഓൺലൈനായി കാണാനും സൗകര്യം ഒരുക്കിയിട്ടുണ്ട്.സ്വതന്ത്ര സോഫ്ട്‌വെയർ ഓപ്പറേറ്റിംഗ് സിസ്റ്റമാണ് ഡെബിയൻ. കംപ്യൂട്ടറുകളിലും സെർവറുകളിലും മൈക്രോസോഫ്റ്റ് വിൻഡോസ്, ആപ്പിൾ മാക്ഓഎസ് എന്നീ ഓപ്പറേറ്റിംഗ് സിസ്റ്റങ്ങൾക്ക് ബദലായി ഇത് ഉപയോഗിക്കപ്പെടുന്നു. മഞ്ജിത് ചെറിയാൻ, കേരള ഐടി പാർക്ക്സ് ചീഫ് മാർക്കറ്റിംഗ് ഓഫീസർ, ഡെബിയൻ പ്രൊജക്ട് ലീഡർ ജോന്നഥൻ കേറ്റർ, ഡെബ്കോൺഫ് ലീഡ് ഓർഗനൈസർ ശ്രുതി ചന്ദ്രൻ, ഡെബ്കോൺഫ് കമ്മിറ്റി അംഗം സ്റ്റെഫാനൊ റിവൈറ എന്നിവർ വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.




# വിവിധ സ്വകാര്യ സ്ഥാപനങ്ങളിലെ ഒഴിവുകളിലേക്ക് അഭിമുഖം 16ന്

**കൊച്ചി:** എറണാകുളം ജില്ലാ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ പ്രവർത്തിക്കുന്ന എംപ്ലോയ ബിലിറ്റി സെൻററിൽ സെപ്റ്റംബർ 16 ന് രാവിലെ 10 മുതൽ വിവിധ സ്വകാര്യ സ്ഥാപനങ്ങളിലെ ഒഴിവുകളിലേക്ക് അഭിമുഖം നടത്തും. യോഗ്യത:+2 (Male), ഐ.ടി.ഐ, ഡിഗ്രി, പി.ജി, എം.ബി.എ, എം.എച്ച്.ആർ.എം., ഡിപ്ലോമ, ബി.ടെക്ക് (Male). പ്രായം:18-35.താൽപ്പര്യമുള്ളവർ സെപ്റ്റംബർ 15നകം emp.cetnreekm@gmail.com എന്ന ഇമെയിൽ മുഖേന അപേക്ഷിക്കുക. ഫോൺ 04842422452, 2427494

# മൾട്ടി അസറ്റ് നിക്ഷേപ പദ്ധതിയുമായി ഡിഎസ്പി മ്യൂച്വൽ ഫണ്ട്

**കൊച്ചി:** മുൻനിര അസറ്റ് മാനേജ്മെന്റ് കമ്പനിയായ ഡിഎസ്പി മുചൽ ഫ് പുതിയ മൾട്ടി അസറ്റ് അലോക്കേഷൻ ഫണ്ട് (ഡിഎസ്പി എം.എ.എ.എഫ്) അവതരിപ്പിച്ചു. സെപ്തംബർ 21 വരെ ഈ ഫിൽ നിക്ഷേപിക്കാം. ആഭ്യന്തര, വിദേശ ഓഹരികളിലും, കടപ്പത്രങ്ങളിലും, ഗോൾഡ് ഇടിഎഫുകളിലും ഇടിസിഡികളിലും നിക്ഷേപിക്കുന്ന മുചൽ ഫാണിതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. നഷ്ടസാധ്യത കുറവാണ്. സുരക്ഷിത ദീർഘകാല നേട്ടവും നിക്ഷേപകർക്കു ലഭിക്കും. ഫിന്റെ 35 മുതൽ 80 ശതമാനം വരെ നിക്ഷേപം വിപണിയിൽ മികച്ച പ്രകടനം നടത്തുന്ന ഓഹരികളിലായിരിക്കും. ഇതിൽ 50 ശതമാനം വരെ വിദേശ ഓഹരികളാകാം. 10 മുതൽ 50 ശതമാനം വരെ കടപ്പത്രങ്ങളിലും, ഗോൾഡ് ഇടിഎഫുകളിലും 20 ശതമാനം വരെ മറ്റു ആസ്തികളിലും നിക്ഷേപിക്കും. ചുരുങ്ങിയത് മൂന്ന് വർഷത്തെ ലോക്ക്ഇൻ കാലാവധി പരിഗണിക്കുകയാണെങ്കിൽ നിക്ഷേപകർക്ക് ഇത് മികച്ച വരുമാനം നൽകുമെന്നും കമ്പനി അധികൃതർ അവകാശപ്പെട്ടു.

# ഫീൽ അറ്റ് ഹോം കൂടുതൽ രാജ്യങ്ങളിലേയ്ക്ക്

**കൊച്ചി:** വിദേശരാജ്യങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കുറഞ്ഞ ചെലവിൽ താമസസൗകര്യമൊരുക്കുന്ന ഫീൽ അറ്റ് ഹോം അയർല്, യുകെ, കാനഡ എന്നിവിടങ്ങൾക്കു പുറമെ ഇപ്പോൾ ഓസ്ട്രേലിയയിലും സേവനമാരംഭിച്ചു. 2017ൽ അയർലിലെ ഡബ്ലിനിൽ ആരംഭിച്ച സ്റ്റാർട്ടപ്പായ ഫീൽ അറ്റ് ഹോമിന് ലഭിക്കുന്ന മികച്ച പ്രതികരണമാണ് കൂടുതൽ രാജ്യങ്ങളിലേയ്ക്ക് പ്രവർത്തനം വ്യാപിപ്പിക്കാൻ പ്രേരണയെന്ന് സ്ഥാപകനും സിഇഒയുമായ മുഹമ്മദ് റഫീക് പറഞ്ഞു. യുകെ, കലനഡയിലെ നഗരങ്ങളായ റ്റൊറൊന്റോ, സ്കാർബൊറോ, നോർത്ത് യോർക്ക്, കിച്ചനർ, പീറ്റർബൊറോ, നോർത്ത്ബേ, സാർനിയ എന്നിവിടങ്ങളിലും ഓസ്ട്രേലിയയിലെ മെൽബോൺ, അഡലൈയ്ഡ്, പെർത്ത് തുടങ്ങിയ നഗരങ്ങളിലും ഇപ്പോൾ കമ്പനിയുടെ സേവനം ലഭ്യമാണ്. വൈകാതെ ന്യൂസിലാൻഡ്, ജർമനി, ഫ്രാൻസ് എന്നിവിടങ്ങളിലും സേവനമാരംഭിക്കുമെന്നും മുഹമ്മദ് റഫീക് പറഞ്ഞു. വിദ്യാർത്ഥികൾ, രക്ഷാകർത്താക്കൾ എന്നിവരെ ഉദ്ദേശിച്ചറ ദുബായ്, കൊച്ചി, കൊളംബോ എന്നിവിടങ്ങളിൽ ഓഫീസുകളുള്ള കമ്പനി പുതുതായി മുംബൈ, ഡെൽഹി, ഹൈദ്രാബാദ്, ലുധിയാന എന്നിവിടങ്ങളിലും ഓഫീസ് തുറക്കും.നിലവിൽ വിവിധ നഗരങ്ങളിലായി 500 പ്രോപ്പർട്ടികൾ ലീസിനെടുത്തവയിൽ വിദ്യാർത്ഥികൾ താമസിക്കുന്നു്. ഇന്ത്യയിലേതുപോലെ ഹോസ്റ്റൽ, പേയിംഗ് ഗസ്റ്റ് സംവിധാനങ്ങൾ സുലഭമല്ലാത്തവയാണ് ഈ രാജ്യങ്ങളെന്നും ഇതാണ് താമസസൗകര്യം ലഭിക്കുന്നതിന് ഈ രാജ്യങ്ങളിൽ ബുദ്ധിമുട്ടു നേരിടുന്നതെന്നും മുഹമ്മദ് റഫീക് പറഞ്ഞു. എയർപോർട്ട് പിക്കപ്, ക്യാമ്പസ് ടൂർ തുടങ്ങിയവയും സേവനങ്ങളുടെ ഭാഗമായി നൽകുന്നു്. ഇതുവരെ 10,000ത്തിലേറെ വിദ്യാർത്ഥികൾക്ക് സേവനം നൽകിക്കഴിഞ്ഞു. വിവരങ്ങൾക്ക് 80885 57777. www.feelathomegroup.com/

# എസ്ബിഐ 'നേഷൻ ഫസ്റ്റ് ട്രാൻസിറ്റ് കാർഡ്' പുറത്തിറക്കി

**കൊച്ചി:** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ റുപേ എൻസിഎംസി പ്രീപെയ്ഡ് കാർഡ് ആയ 'നേഷൻ ഫസ്റ്റ് ട്രാൻസിറ്റ് കാർഡ്' പുറത്തിറക്കി. മെട്രോ, ബസ്, വാട്ടർ ഫെറി, പാർക്കിങ് തുടങ്ങിയ യാത്രാ അവശ്യങ്ങൾക്ക് ഒരൊറ്റ കാർഡിലൂടെ സൗകര്യപ്രദമായ ഡിജിറ്റൽ ടിക്കറ്റിങ് പണമടയ്ക്കൽ ഉറപ്പാക്കുന്നതാണ് പുതുതായി പുറത്തിറക്കിയ ഈ കാർഡ്. ഇതിനു പുറമെ റീട്ടെയിൽ, ഇകോമേഴ്സ് പണമടക്കലുകൾക്കായും വ്യക്തികൾക്ക് ഈ കാർഡ് ഉപയോഗിക്കാം. തങ്ങളുടെ ഉപഭോക്താക്കളുടെ ബാങ്കിങ്ങും ദൈനംദിന ജീവിതവും ലളിതമാക്കാനുള്ള തുടർച്ചയായ ശ്രമങ്ങളാണ് എസ്ബിഐ നടത്തിക്കൊണ്ടിരിക്കുന്നതെന്ന് എസ്ബിഐ ചെയർമാൻ ദിനേഷ് കുമാർ ഖാരെ പറഞ്ഞു. യാത്രാ അനുഭവങ്ങളിൽ വിപ്ലവകരമായ മാറ്റങ്ങൾ വരുത്തുന്നതാവും റുപേയും നാഷണൽ കോമൺ മൊബിലിറ്റി കാർഡ് സാങ്കേതികവിദ്യയും പിന്തുണ നൽകുന്ന നേഷൻ ഫസ്റ്റ് ട്രാൻസിറ്റ് കാർഡെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

# പെർഫോർമാക്സ് ആക്റ്റീവ്‌വെയർ ഇന്ത്യൻ ഫുട്ബോൾ ടീം കിറ്റ് സ്പോൺസർ



**കൊച്ചി/മുംബൈ:**ഇന്ത്യൻ ഫുട്ബോൾ ടീമിന്റെ ഔദ്യോഗിക കിറ്റ് സ്പോൺസറാകാൻ റിലയൻസ് റീട്ടെയിലിന്റെ സ്പോർട്സ് വെയർ ബ്രാൻഡായ പെർഫോർമാക്സ്, ഓൾ ഇന്ത്യ ഫുട്ബോൾ ഫെഡറേഷനുമായി (എഐഎഫ്എഫ്) പങ്കാളിത്തം പ്രഖ്യാപിച്ചു. ഈ പങ്കാളിത്തം എല്ലാ ഗെയിമുകൾക്കുമുള്ള കിറ്റുകൾ നിർമ്മിക്കാനുള്ള പ്രത്യേക അവകാശം പെർഫോർമാക്സിന് നൽകുന്നു. കൂടാതെ എഐഎഫ്എഫിന്റെ പുരുഷ, വനിതാ, യൂത്ത് ടീമുകളുടെ മത്സരങ്ങൾ, യാത്ര, പരിശീലനങ്ങൾ എന്നിവയ്ക്കുള്ള വസ്ത്രങ്ങളുടെ ഏക വിതരണക്കാരാവുകയും ചെയ്യും. ഇതിനൊപ്പം മെർച്ചൻഡൈസ് സ്പോൺസർ എന്ന നിലയിൽ, ഔദ്യോഗിക ടീം ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനത്തിനും വിതരണത്തിനും പെർഫോർമാക്സ് മേൽനോട്ടം വഹിക്കുമെന്നും റിലയൻസ് റീട്ടെയിൽ ഫാഷൻ ആന്റ് ലൈഫ്സ്റ്റൈൽ പ്രസിഡന്റും സിഇഒയുമായ അഖിലേഷ് പ്രസാദ് അഭിപ്രായപ്പെട്ടു.സെപ്തംബർ 7 മുതൽ 10 വരെ തായ്‌ലൻഡിൽ നടക്കുന്ന 49മത് കിംഗ്സ് കപ്പ് 2023ന്റെ ഉദ്ഘാടന മത്സരത്തിൽ പുതിയ കിറ്റ് ധരിച്ചു ടീം ഇന്ത്യ ഇറാഖിനെ നേരിടും.എഐഎഫ്എഫുമായുള്ള സഹകരണം പ്രഖ്യാപിക്കുന്നതിൽ തങ്ങൾക്ക് സന്തോഷമുണ്ട്. ഇന്ത്യയിൽ ഫുട്ബോളിന് അപാരമായ സാധ്യതകളുണ്ട്, വരും വർഷങ്ങളിൽ ഇന്ത്യൻ ഫുട്ബോൾ ടീമിന്റെ ഉയർച്ച തങ്ങൾ മുൻകൂട്ടി കാണുന്നുവെന്നും അഖിലേഷ് പ്രസാദ് അഭിപ്രായപ്പെട്ടു.ഓട്ടം, പരിശീലനം, റാക്കറ്റ് സ്പോർട്സ് എന്നിവയുൾപ്പെടെ വിവിധ വിഭാഗങ്ങൾക്ക് അനുയോജ്യമായ വസ്ത്രങ്ങൾ, പാദരക്ഷകൾ, ആക്സസറികൾ എന്നിവയിൽ വൈവിധ്യമാർന്ന ഉൽപ്പന്നങ്ങൾ പെർഫോർമാക്സ് നൽകുന്നു . ജസ്പ്രീത് ബുംറ, രവി ദാഹിയ, ഹർമിലൻ കൗർ, മനു ഭേക്കർ, റിധി ഫോർ, യോഗേഷ് കത്തൂനിയ, പ്രമോദ് ഭഗത് തുടങ്ങിയ പ്രശസ്ത കായികതാരങ്ങളുമായി കഴിഞ്ഞ വർഷം പെർഫോർമാക്സ് സഹകരിച്ചിരുന്നു.ഇന്ത്യയിലുടനീളമുള്ള 1,500ലധികം സ്റ്റോറുകളിലും അജിയോ, ജിയോമാർട്ട് തുടങ്ങിയ ഡിജിറ്റൽ കൊമേഴ്സ് പ്ലാറ്റ്ഫോമുകളിലും പെർഫോർമാക്സ് ആക്റ്റീവ്‌വെയർ ലഭിക്കും. പെർഫോർമാക്സ് എക്സ്ക്ലൂസീവ് സ്റ്റോറുകളിലും രാജ്യവ്യാപകമായി തിരഞ്ഞെടുത്ത റീട്ടെയിൽ ലൊക്കേഷനുകളിലും ഔദ്യോഗിക ഫാൻ ഉൽപ്പന്നങ്ങൾ ലഭ്യമാകുമെന്നും അഖിലേഷ് പ്രസാദ് അഭിപ്രായപ്പെട്ടു.

# മെറ്റാവേഴ്സിലേക്ക് കടന്ന് എസ്ബിഐ ലൈഫ്

SBI Life
Apne liye. Apno ke liye.

**കൊച്ചി:** പുതുതലമുറ ഇന്റർനെറ്റ് ആയ മെറ്റാവേഴ്സിലേക്കു കടന്ന എസ്ബിഐ ലൈഫ് തങ്ങളുടെ ആദ്യ ലൈഫ് വേഴ്സ് സ്റ്റുഡിയോ അവതരിപ്പിച്ചു. യുവ ഇന്റർനെറ്റ് ഉപയോക്താക്കളുമായി പുതിയ തരംഗം വഴി മെറ്റാവേഴ്സിലൂടെ കണക്റ്റഡ് ആയിരിക്കാനും ഉപഭോക്തൃ അനുഭവങ്ങളുടെ കാര്യത്തിൽ വിർചൽ ലോകത്തിലൂടെ വിപ്ലവം സൃഷ്ടിക്കാനും ഇതു സഹായകമാകുമെന്ന് എസ്ബിഐ ലൈഫ് ഇൻഷൂറൻസ് ബ്രാൻഡ്,കോർപറേറ്റ് കമ്യൂണിക്കേഷൻ ആന്റ് സിഎസ്ആർ മേധാവി രവീന്ദ്ര ശർമ പറഞ്ഞു. ഓഗ്മെന്റഡ് റിയാലിറ്റി, വിർചൽ റിയാലിറ്റി, മറ്റ് ഡിജിറ്റൽ സംവിധാനങ്ങൾ എന്നിവയിലൂടെ മെറ്റാവേഴ്സ് എല്ലാ മേഖലകളേയും മാറ്റിക്കൊിരിക്കുമ്പോൾ ലൈഫ് ഇൻഷൂറൻസിന്റെ കാര്യവും വ്യത്യസ്തമല്ലെന്ന തിരിച്ചറിവാണ് പുതിയ നീക്കത്തിനു പിന്നിൽ. എസ്ബിഐ ലൈഫിന്റെ ലൈഫ് വേഴ്സ് സ്റ്റുഡിയോ കണക്ട് ചെയ്യാനായി അവതാറുകൾ സൃഷ്ടിക്കുകയും വിഭിന്ന വിഭാഗങ്ങളുമായി സംവദിക്കുകയും ചെയ്യും. ഀഀഀ.യെശഹശളല.രീ.ശി ൽ ലൈഫ് വേഴ്സ് ലഭ്യമാണ്. ഡിജിറ്റൽ രംഗത്തെ പുതുമകൾ വഴി ഉപഭോക്തൃ താൽപര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്താൻ ഉപഭോക്തൃ കേന്ദ്രീകൃത സ്ഥാപനമായ എസ്ബിഐ ലൈഫ് ഇൻഷൂറൻസ് പ്രതിജ്ഞാബദ്ധമാണെന്നും രവീന്ദ്ര ശർമ പറഞ്ഞു.

# പൈൻ ലാബ്സ് ക്യുആർഫസ്റ്റ് ഉപകരണം മിനി അവതരിപ്പിച്ചു




**കൊച്ചി:** പ്രമുഖ മർച്ചന്റ് കൊമേഴ്സ് ഓംനിചാനൽ പ്ലാറ്റ്ഫോമായ പൈൻ ലാബ്സ് ക്യൂആർ കാർഡ് സ്വീകാര്യതയുള്ള ഉപകരണമായ മിനി പുറത്തിറക്കുന്നതായി പ്രഖ്യാപിച്ചു. ഒരു സാധാരണ പോയിന്റ് ഓഫ് സെയിൽ (ജീട) ടെർമിനലിന്റെ വിലയുടെ ഏകദേശം മൂന്നിലൊന്ന് വിലയ്ക്ക് പൈൻ ലാാബ്സ് മിനി ചെറുകിട വ്യാപാരികൾക്ക് അനുയോജ്യമാണെന്ന് പൈൻ ലാബ്സ് സിആർഒ നവ്നിത് നക്ര പറഞ്ഞു.ഇന്ത്യയിലെ ഭൂരിപക്ഷം പിഒഎസ് ഉപകരണങ്ങളും ഡെബിറ്റ്/ക്രെഡിറ്റ് കാർഡ് ഉപഭോക്താക്കൾക്കായി രൂപപ്പെടുത്തിയതാണ്. ഇതാദ്യമായി, പൈൻ ലാബ്സ് ഇന്ത്യയിൽ എസ്എംഇകളെ ലക്ഷ്യമിട്ടുള്ള ഒരു ക്യൂആർഫസ്റ്റ്, കാർഡ് ടാപ്പ് ചെയ്യാവുന്ന സമ്പർക്കരഹിത പേയ്മെന്റ് ഉപകരണം അവതരിപ്പിക്കുന്നു. ആദായകരമായ വിലയിൽ ലഭിക്കുന്ന ഈ ഉൽപ്പന്നം ഇന്ത്യയിലെ ഡിജിറ്റൽ പേയ്മെന്റ് സ്വീകാര്യത കൂടുതൽ വർദ്ധിപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.

# കെപിഎച്ച്എ : എട്ടാമത് വാർഷികാഘോഷം കൊച്ചിയിൽ




**കൊച്ചി :** കേരള പ്രൊഫഷനൽ ഹൗസ്കീപ്പേഴ്സ് അസോസിയേഷന്റെ (കെപിഎച്ച്എ) എട്ടാമത് വാർഷികം സെപ്റ്റംബർ 12ന് കൊച്ചിയിൽ നടക്കും. കലൂർ ഗോകുലം കൺവെൻഷൻ സെന്ററിൽ സംസ്ഥാന പ്രസിഡന്റ് ബിന്ദു പ്രവീഷിന്റെ അദ്ധ്യക്ഷതയിൽ നടക്കുന്ന വാർഷിക സമ്മേളനം കൊച്ചി മേയർ എം. അനിൽകുമാർ രാവിലെ 9.30ന് ഉദ്ഘാടനം ചെയ്യും. ഹൈബി ഈഡൻ എം.പി. വിശിഷ്ടാതിഥിയാകും. കേരളത്തിലെ നക്ഷത്ര ഹോട്ടലുകൾ, റിസോർട്ടുകൾ, ആശുപത്രികൾ, ഫെസിലിറ്റി മാനേജ്മെന്റ് സ്ഥാപനങ്ങൾ തുടങ്ങിയവയിൽ ജോലി ചെയ്യുന്ന ഹൗസ്കീപ്പിംഗ് പ്രൊഫഷനലുകളുടെ സംഘടനയാണ് കേരള പ്രൊഫഷനൽ ഹൗസ്കീപ്പേഴ്സ് അസോസിയേഷൻ (കെപിഎച്ച്എ). ഈ മേഖലയിലെ ദേശീയ സംഘടനയായ പ്രൊഫഷനൽ ഹൗസ്കീപ്പേഴ്സ് അസോസിയേഷന്റെ (പിഎച്ച്എ) കേരള ചാപ്റ്ററിനും സംഗമത്തിൽ തുടക്കം കുറിക്കുമെന്ന് സംഘാടകർ അറിയിച്ചു. സ്ത്രീകൾക്ക് ഏറ്റവും സുരക്ഷിതമായി ജോലിചെയ്യാൻ സാധിക്കുന്ന മേഖലയാണിതെന്നും ഇപ്പോൾ നോർത്ത് ഈസ്റ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള സ്ത്രീകൾ ഉൾപ്പെടെയുള്ളവർ ധാരാളമായി സംസ്ഥാനത്ത് ജോലി ചെയ്യുന്നുന്നെും ഭാരവാഹികൾ പറഞ്ഞു. സംഘടനാ പ്രതിനിധികൾക്ക് പുറമെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ഹോട്ടലുകളുടെ മാനേജിംഗ് ഡയറക്ടർമാർ, ജനറൽ മാനേജർമാർ, പർച്ചേസ് മാനേജർമാർ, ആതിഥേയ വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന എൻജിനീയേഴ്സ് ഫോറത്തിൽ നിന്നുള്ള എൻജിനീയർമാർ തുടങ്ങിയവർ പങ്കെടുക്കും.ഹൗസ്കീപ്പിംഗ് എക്സിക്യൂട്ടീവുമാരിൽ നിന്ന് ജനറൽ മാനേജർമാരായി ഉദ്യോഗക്കയറ്റം നേടിയവരെ ചടങ്ങിൽ ആദരിക്കും. രു മാസമായി കൊച്ചയിലേയും മൂന്നാറിലേയും ഹൗസ്കീപ്പിംഗ് സ്റ്റാഫംഗങ്ങളെ പങ്കെടുപ്പിച്ച് നടത്തിയ വിവിധ മത്സരങ്ങളിലെ വിജയികളെയും സമ്മേളനത്തിൽ ആദരിക്കുമെന്ന് കെപിഎച്ച്എ സംസ്ഥാന പ്രസിഡന്റ് ബിന്ദു പ്രവീഷ്, സെക്രട്ടറി രൂപേഷ്, ട്രഷറൽ ബീനാ സതീഷ്, കമ്മിറ്റി അംഗം കല്യാണി മേനോൻ എന്നിവർ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

# തായ് ടെയിൽസ് ഫെസ്റ്റിവലുമായി ഹയാത്ത് റീജൻസി

HYATT REGENCY
TRIVANDRUM

**തിരുവനന്തപുരം:** തനത് തായ് വിഭവങ്ങൾ പരിചയപ്പെടുത്തി തിരുവനന്തപുരം ഹയാത്ത് റീജൻസി സെപ്റ്റംബർ 9 മുതൽ 18 വരെ തായ് ടെയിൽസ് ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നു. ഗ്രാൻഡ് ഹയാത്ത് കൊച്ചി ബോൾഗാട്ടിയിലെ തായ് ഷെഫ് ക്ലൂയ്‌വാൻ ജുൻസവത് ആണ് ഫുഡ് ഫെസ്റ്റിന് നേതൃത്വം നൽകുക. ബാങ്കോക്കിലെ സ്ട്രീറ്റ് ഫുഡ് സംസ്കാരം മലയാളികൾക്കിടയിൽ പരിചയപ്പെടുത്തുക എന്നതാണ് ഫെസ്റ്റിവലിന്റെ ലക്ഷ്യം. ഗായ് സത്തേ, പോർ പൈ ഫാക്ക് തുടങ്ങിയ അപ്പറ്റൈസറുകൾ മുതൽ ടബ് ടിം ക്രോബ്, ക്ലൂവേ ടോർഡ് തുടങ്ങിയ ഉന്മേഷദായകമായ പലഹാരങ്ങൾ വരെ രുചിച്ചറിയാനും അവസരമുന്നെ് ഹയാത്ത് റീജൻസി അധികൃതർ അറിയിച്ചു. റിസർവേഷൻ ആയി, വിളിക്കൂ +91 6238600446

# പുതിയ ടിവിഎസ് അപ്പാച്ചെ ആർടിആർ 310 പുറത്തിറക്കി

**കൊച്ചി:** ടിവിഎസ് മോട്ടോർ കമ്പനി അതിൻറെ ഐക്കോണിക് അപ്പാച്ചെ നിരയിൽ പുതിയ ടിവിഎസ് അപ്പാച്ചെ ആർടിആർ 310 അവതരിപ്പിച്ചു. അതുല്യമായ ഡിസൈൻ, എഞ്ചിൻ ലേഔട്ട്, ഹീറ്റ് മാനേജ്മെൻറ്, റൈഡിംഗ്, സുരക്ഷ, സുഖസൗകര്യങ്ങൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന നിരവധി വ്യത്യസ്ത സാങ്കേതിക വിദ്യകളുമായാണ് ടിവിഎസ് അപ്പാച്ചെ ആർടിആർ 310 എത്തുന്നതെന്ന് ടിവിഎസ് മോട്ടോർ കമ്പനി മാനേജിങ് ഡയറക്ടർ സുദർശൻ വേണു പറഞ്ഞു.312.2 സിസി മോട്ടോർസൈക്കിളിന് സവിശേഷമായ റിവേഴ്സ് ഇൻക്ലൈൻഡ് ഡിഒഎച്ച്സി എഞ്ചിൻ കൂടുതൽ കേന്ദ്രീകൃതമാകാൻ കോംപാക്ട് എഞ്ചിൻ ലേഔട്ട് സഹായിക്കുന്നു. 5 ശതമാനം ഭാരം കുറഞ്ഞ പുതിയ ഫോർജ്ഡ് അലൂമിനിയം പിസ്റ്റൺ 9,700 ആർപിഎമ്മിൽ 35.6 പിഎസ് പവറും 6,650 ആർപിഎമ്മിൽ 28.7 എൻഎം ടോർക്കും നൽകുന്നു.പുതിയ ബൈ ഡയറക്ഷണൽ ക്വിക്ക്ഷിഫ്റ്ററിനൊപ്പം 6സ്പീഡ് ട്രാൻസ്മിഷനുമുണ്ട്. അത്യാധുനിക ത്രോട്ടിൽബൈവയർ സംവിധാനത്തിൽ 46എംഎം വലിയ ത്രോട്ടിൽ ബോഡി മികച്ച പവർ നൽകുന്നു. മോട്ടോർസൈക്കിൾ റേസ് ട്യൂൺഡ് ലീനിയർ സ്റ്റെബിലിറ്റി കൺട്രോൾ (ആർടിഎൽഎസ്സി) വാഗ്ദാനം ചെയ്യുന്നു, അതിൽ സ്റ്റേറ്റ് ലൈൻ ഡ്യുവൽ ചാനൽ എബിഎസ്, ക്രൂയിസ് കൺട്രോൾ, ലീനിയർ ട്രാക്ഷൻ കൺട്രോൾ, റിയർ ലിഫ്റ്റ് പ്രൊട്ടക്ഷൻ എന്നിവ ഉൾപ്പെടുന്നു.റേസ് ട്യൂൺഡ് സ്ലിപ്പർ ക്ലച്ച് പെട്ടെന്നുള്ള ഡൗൺഷിഫ്റ്റുകൾക്ക് സഹായിക്കുന്നു. എഞ്ചിൻ കൂളൻറ് ജാക്കറ്റ് ഒപ്റ്റിമൈസേഷനും 23 നിര റേഡിയേറ്റർ ട്യൂബുകളും മികച്ച ഇൻ ക്ലാസ് ഹീറ്റ് മാനേജ്മെൻറിനായി രൂപകൽപ്പന ചെയ്തിരിക്കുന്നതാണ്. മോട്ടോർസൈക്കിൾ ഈ വിഭാഗത്തിലെ സവിശേഷതയായ ഗ്ലൈഡ് ത്രൂ ടെക്നോളജി (ജിടിടി) യുമായാണ് എത്തുന്നത്. പുതിയ ലൈറ്റ്വെയ്റ്റ് 8 സ്പോക്ക് ഡ്യുവൽ കളർ അലോയ് വീലുകൾ മോട്ടോർസൈക്കിളിൻറെ ഭംഗി വർദ്ധിപ്പിക്കുന്നു. വൈവിധ്യമാർന്ന റൈഡിംഗ് ശൈലികൾക്കായി ക്രമീകരിക്കാവുന്ന ഹാൻഡ് ലിവറുകൾ 4 ലെവലുകളിൽ ക്രമീകരിച്ചിരിക്കുന്നു. ടിവിഎസ് അപ്പാച്ചെ ആർടിആർ 310ൽ മിഷേലിൻ റോഡ് 5 ടയറുകളാണ് നൽകിയിരിക്കുന്നത്. ഇത് വളവുകളിൽ മികച്ച ഗ്രിപ്പും പ്രീമിയം റൈഡ് അനുഭവവും നൽകും.അർബൻ, റെയിൻ, സ്പോർട്സ്, ട്രാക്ക്, പുതിയ സൂപ്പർമോട്ടോ മോഡ് എന്നിങ്ങനെ 5 റൈഡ് മോഡുകൾ മോട്ടോർസൈക്കിളിൽ സജ്ജീകരിച്ചിരിക്കുന്നു. സ്മാർട്ട് കണക്ട് ബ്ലൂടൂത്ത് കണക്റ്റിവിറ്റി സ്മാർട്ട്ഫോണുമായി ടിവിഎസ് അപ്പാച്ചെ ആർടിആർ 310നെ ബന്ധപ്പിക്കുന്നു. ഇതിലൂടെ ടെലിഫോൺ, സംഗീത നിയന്ത്രണം, ഗോപ്രോ കൺട്രോൾ, സ്മാർട്ട് ഹെൽമെറ്റ് കണക്റ്റിവിറ്റി, വോയ്സ് അസിസ്റ്റ്, റേസ് ടെലിമെട്രി, വാട്ട്3വേർഡ്സ് ഡിജി ഡോക്സ്, ക്രാഷ് അലർട്ട് എന്നിവ ഉപയോഗിച്ച് കൃത്യമായ ടേൺ ബൈ ടേൺ നാവിഗേഷൻ ഉൾപ്പെടെ നിരവധി സേവനങ്ങൾ ലഭ്യമാക്കുന്നു.3 ലെവൽ പ്രകാശ തീവ്രത ഉള്ള പുതിയ ക്ലാസ് ഡി ഡൈനാമിക് എൽഇഡി ഹെഡ്ലാമ്പ് വേഗതയെ അടിസ്ഥാനമാക്കി ഒപ്റ്റിമൽ ലൈറ്റിംഗ് നൽകുന്നു.ടിവിഎസ് അപ്പാച്ചെ ആർടിആർ 310 ടിവിഎസ് ബിൽറ്റ് ടു ഓർഡർ പ്ലാറ്റ്ഫോമിൽ ലഭ്യമാണ്. ഇത് ഡൈനാമിക് കിറ്റ്, ഡൈനാമിക് പ്രോ കിറ്റ്, സവിശേഷമായ സെപാങ് ബ്ലൂ റേസ് ഗ്രാഫിക് ഓപ്ഷൻ എന്നിവ അടിസ്ഥാനമാക്കി ഉപഭോക്താവിൻറെ ഇഷ്ടാനുസരണം മോട്ടോർസൈക്കിളിൽ ഭേദഗതി വരുത്താം. നക്കിൾ ഗാർഡ്, വൈസർ, പാനിയർ, ടോപ്പ് ബോക്സ് കിറ്റ്, 14 സുരക്ഷാ ഗിയറുകൾ, ലൈഫ്സ്റ്റൈൽ മെർച്ചൻഡൈസ് എന്നിവയുൾപ്പെടെ 12 എക്സ്ക്ലൂസീവ് ഫ്രീസ്റ്റൈലർ ആക്സസറികൾ ടിവിഎസ് അപ്പാച്ചെ ആർടിആർ 310ൽ ഉണ്ട്.ടിവിഎസ് അപ്പാച്ചെ ആർടിആർ 310 മൂന്ന് സ്റ്റാൻഡേർഡ് എസ്‌കെയുകളിലും 3 ബിടിഒ കസ്റ്റമൈസേഷനുകളിലും ലഭ്യമാണ്ആഴ്സണൽ ബ്ലാക്ക് (ക്വിക്ക്ഷിഫ്റ്റർ ഇല്ലാതെ) 2,42,990 രൂപ, ആഴ്സണൽ ബ്ലാക്ക് 2,57,990 രൂപ, ഫ്യൂരി യെല്ലോ 2,63,990 രൂപ എന്നിങ്ങനെയാണ് വില (എക്സ്ഷോറൂം ഇന്ത്യ). ബിടിഒ (ബിൽറ്റ് ടു ഓർഡർ) ഡൈനാമിക് കിറ്റിന് 18,000 രൂപ, ഡൈനാമിക് പ്രോ കിറ്റിന് 22,000 രൂപ, സെപാങ് ബ്ലൂവിന് 10,000 രൂപ എന്നിങ്ങനെയാണ് വിലയെന്നും സുദർശൻ വേണു പറഞ്ഞു.



# ഗസ്റ്റ് ലക്ചറർ ഇന്റർവ്യൂ

**തിരുവനന്തപുരം :** തിരുവനന്തപുരം സർക്കാർ സംസ്കൃത കോളജിൽ സംസ്കൃത ന്യായ വിഭാഗത്തിൽ നിലവിലുള്ള ഒഴിവിലേക്ക് ഗസ്റ്റ് ലകചറർമാരെ നിയമിക്കുന്നു. ഇതിനായി ഉദ്യോഗാർഥികളുടെ അഭിമുഖം സെപ്റ്റംബർ 18ന് രാവിലെ 11ന് പ്രിൻസിപ്പലിന്റെ ചേംബറിൽ നടത്തും. കോളജ് വിദ്യാഭ്യാസ വകുപ്പിന്റെ കൊല്ലം മേഖലാ ഓഫീസിൽ ഗസ്റ്റ് അധ്യാപകരുടെ പാനലിൽ ഓൺലൈൻ രജിസ്ട്രേഷൻ ലിങ്ക് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർഥികൾ യോഗ്യത, ജനന തീയതി, മുൻപരിചയം എന്നിവ തെളിയിക്കുന്നതിനുള്ള അസൽ സർട്ടിഫിക്കറ്റുകൾ സഹിതം അഭിമുഖത്തിന് ഹാജരാകണം.

# നിഷ്‌ൽ പ്രോജക്ട് അസിസ്റ്റന്റ് ഒഴിവ്

**തിരുവനന്തപുരം:** നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിങ് (നിഷ്) പ്രോജക്ട് അസിസ്റ്റന്റ് തസ്തികയിൽ അപേക്ഷ ക്ഷണിച്ചു. ഓഡിയോളജിസ്റ്റുകൾക്കും സ്പീച്ച് ലാംഗ്വേജ് പത്തോളജിസ്റ്റുകൾക്കും അപേക്ഷിക്കാം. സെന്റർ ഫോർ ഡിസേബിലിറ്റി സ്റ്റഡീസിന്റെ ധനസഹായത്തോടെയുള്ള പദ്ധതികളിലേക്കാണ് നിയമനം. സെപ്റ്റംബർ 14 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ http://nish.ac.in/others/career എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

# തരംഗമായി 'കണ്ണൂർ സ്ക്വാഡ്' ട്രെയ്‌ലർ

**കൊച്ചി:** മമ്മൂട്ടി കമ്പനിയുടെ പുതിയ ചിത്രം 'കണ്ണൂർ സ്കാഡ്' ന്റെ ട്രയ്‌ലർ റിലീസ് ചെയ്ത് മണിക്കൂറുകൾക്കുള്ളിൽ സോഷ്യൽ മീഡിയയിൽ തരംഗമായി മാറുകയാണ്. മണിക്കൂറുകൾക്കുള്ളിൽത്തന്നെ 1.4മില്യൺ കാഴ്ചക്കാരും 73,000ൽപരം ലൈക്കുകളുമായി ഇൻവെസ്റ്റിഗേറ്റിങ് ത്രില്ലർ കണ്ണൂർ സ്കാഡ് ട്രെയ്‌ലർ പ്രേക്ഷകർ ഏറ്റെടുത്തിരിക്കുന്നു. ട്രെയ്‌ലറിൽ കണ്ണൂർ സ്ക്വാഡ് സമൂഹത്തിൽ നടന്ന യഥാർത്ഥ സംഭവങ്ങളെ അടിസ്ഥാനമാക്കി ചിത്രീകരിക്കപ്പെട്ട ചിത്രമാണെന്ന് വ്യക്തമാണ്. പ്രശസ്ത ഛായാഗ്രാഹകനായ റോബി വർഗീസ് രാജ് ചിത്രത്തിന്റെ സംവിധാനം. ചിത്രത്തിന്റെ കഥ എഴുതിയിരിക്കുന്നത് ഷാഫിയാണ്. തിരക്കഥയും സംഭാഷണവും റോണി ഡേവിഡും ഷാഫിയും ചേർന്നൊരുക്കുന്നു. കിഷോർകുമാർ,വിജയരാഘവൻ, അസീസ് നെടുമങ്ങാട്, ശബരീഷ്, റോണി ഡേവിഡ്, മനോജ്.കെ.യു, അർജുൻ രാധാകൃഷ്ണൻ, ദീപക് പറമ്പോൾ, ധ്രുവൻ, ഷെബിൻ ബെൻസൺ തുടങ്ങി നിരവധി താരങ്ങൾ ശ്രദ്ധേയമായ കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു. കണ്ണൂർ സ്കാഡിന്റെ എക്സിക്യൂട്ടിവ് പ്രൊഡ്യൂസർ : എസ്സ്.ജോർജ്ജ്, ഛായാഗ്രഹണം : മുഹമ്മദ് റാഹിൽ, സംഗീത സംവിധാനം : സുഷിൻ ശ്യാം, എഡിറ്റിങ് : പ്രവീൺ പ്രഭാകർ, ലൈൻ പ്രൊഡ്യൂസർ : സുനിൽ സിംഗ്, പ്രൊഡക്ഷൻ കൺട്രോളർ : പ്രശാന്ത് നാരായണൻ, ചീഫ് അസോസിയേറ്റ് ഡയറക്ടേഴ്സ് : ജിബിൻ ജോൺ, അരിഷ് അസ്ലം, ചീഫ് അസ്സോസിയേറ്റ് ക്യാമറാമാൻ : റിജോ നെല്ലിവിള, പ്രൊഡക്ഷൻ ഡിസൈനർ : ഷാജി നടുവിൽ, മേക്കപ്പ് : റോണെക്സ് സേവ്യർ, വസ്ത്രാലങ്കാരം : അരുൺ മനോഹർ, അഭിജിത്, സൗണ്ട് ഡിസൈൻ : ടോണി ബാബു എംപിഎസ്ഇ, അസോസിയേറ്റ് ഡയറക്ടേഴ്സ് : വി ടി ആദർശ്, വിഷ്ണു രവികുമാർ, വി എഫ് എക്സ്: ഡിജിറ്റൽ ടർബോ മീഡിയ, വിശ്വാ എഫ് എക്സ്, സ്റ്റിൽസ്: നവീൻ മുരളി, ഓവർസീസ് വിതരണം: ട്രൂത്ത് ഗ്ലോബൽ ഫിലിംസ്, ഡിസൈൻ: ആന്റണി സ്റ്റീഫൻ,ഡിജിറ്റൽ മാർക്കറ്റിംഗ് : വിഷ്ണു സുഗതൻ, പി ആർ ഒ : പ്രതീഷ് ശേഖർ.

